# Bible Quiz

(Nov.-Dec) No.5
Exodus Chapters 1-40

١. What does Moses mean?
٢. How long did the Israelites live in Egypt?
٣. Name the first wilderness that the Israelites entered during the Exodus.
٤. What did Moses call the altar built at the place where he defeated Amalek?
٥. " Eye for eye, tooth for tooth ". Write the Chapter and the Verse.
٦. With what should the Israelites make curtains for a tent over the tabernacle?
٧. " .....They shall be on Aaron's heart when he goes on in before the Lord ". What are they?
٨. Which were the three festivals that the Israelites should celebrate?
٩. What were the measurements of the altar of burnt offering?
١٠. When would the Israelites set out on each stage of their journey?

## share your idea

Share your ideas in a paragraph.
Best messages will be rewarded.

**V S ON**

## CAPTION CONTEST



## REMEMBER !

Write your answer for the Bible Quiz, Funny Question and Caption contest in a separate sheet of paper with clarity and drop it in Viva Teresa Box on or before 15th Dec. Winners will be awarded. In case, there are more winners, it will be decided by lot. Don't forget to write your name phone number and the name of your family unit on your answer sheet.
For Bible Quiz use only NRSV Bible



Edited printed and published by Rev. Fr. Kuriakose Kalaparambath, parish bulletin Little Flower Church, Nerul. Printed by : Vin Art Printers # 9930837433

# VIVA Teresa.... *A Way to Sanctity*

**Little Flower Church**
(Diocese of Kalyan)
Sector 20, Nerul (W), Navi Mumbai 400706
Tel.: 2772 2628
E-mail : vivateresabulletin@gmail.com

Bi-monthly News Bulletin of Syro-Malabar Catholic Church, Kalyan Diocese

**Patron**
Mar Thomas Elavanal

**Managing Editor**
Rev. Fr. Kuriakose Kalaparambath

**Executive Editor**
Rev.Fr.Bibin Cheenothuvattukulam

**Editor-in-Charge**
Rev. Sr. Mollykutty Edackadu

**Chief Editor**
Mr. P. J. Antony

**Associate Editors**
Adv. Paul I. Paulose
Mr. Joy G. Kodankandath
Mr. Georgekutty George
Mr. A. J. Johnson
Mrs. Bea Thomas
Mrs. Mini Joseph

## ഉള്ളടക്കം

എഡിറ്റോറിയൽ
ഇടയശബ്ദം
Letter to my Little Friends...
Spiritual Preparations...
വെള്ള വസ്ത്രം
മാതാവിൻ ചാരെ
The Personality
മദ്യപാനം അരുത്
മനമൊന്നായ് അൻപതുവർഷം
First the peace...
St. John Berchmans
യേശുനാഥന്റെ കൂടെ
താർസോസിലെ സാവൂൾ
My experience in...
യേശുവിന്റെ കുഞ്ഞു പുഷ്പം
കുടുംബം വിശുദ്ധിയുടെ വിദ്യാലയം
Hi, my dear friends
തിന്മയും പിശാചും
വിശ്വാസത്തിന്റെ വാതിൽ
ആ സ്നേഹതീരത്ത്
ഓർമ്മിക്കാൻ ആചരിക്കാൻ ...
Train Timings
Parish Day
Bible Quiz

Private Circulation only.

Nov-Dec. 2012

# എഡിറ്റോറിയൽ.

വീണ്ടും ഒരു ക്രിസ്തുമസ്സ് വരവായി ക്രിസ്തുമസ്സിനെക്കുറിച്ചോർക്കുമ്പോൾ എന്താണ് ആദ്യം മനസ്സിലേക്ക് വരേണ്ടത്? തീർച്ചയായും അത് ക്രിസ്തു തന്നെയാണ്. കമ്പോളവത്ക്കരിക്കപ്പെടുന്ന ക്രിസ്തുമസ്സ് ആഘോഷങ്ങളുടെ നടുവിൽ ക്രിസ്തുവിനെ നമുക്ക് മറക്കാതിരിക്കാം. കൊട്ടാരത്തിലോ കുബേര കുടുംബത്തിലോ പിറക്കാമായിരുന്ന ക്രിസ്തു എളിമയുടെയും ലാളിത്യത്തിന്റെയും ദാരിദ്ര്യത്തിന്റെയും പ്രതീകമായ കാലിത്തൊഴുത്തിൽ പിറന്നുവെന്നത് മനസ്സിന് ഒരുപാട് വെളിച്ചം നൽകേണ്ട യാഥാർത്ഥ്യമാണ്.

ഇന്ന് ക്രിസ്തുനാഥൻ പിറക്കാൻ കൊതിക്കുന്നത് എവിടെയായിരിക്കും എന്നത് ചിന്തോദ്ദീപകമായ ഒരു ചോദ്യമാണ്. മണിമാളികകളിലോ, കോടീശ്വര കുടുംബങ്ങളിലോ, ദേവാലയത്തിലുമെന്നതിലുപരിയായി അവിടുന്ന് പിറക്കാൻ ആഗ്രഹിക്കുന്നത് എളിമയും തെളിമയും ഉള്ള മാനവ ഹൃദയങ്ങളിലേക്ക് ആയിരിക്കും. അതിനാൽ നമ്മുടെ ഹൃദയങ്ങളെ കുറേക്കൂടി എളിമയുള്ളതും തെളിമയുള്ളതുമായി മാറ്റാം. അതിനുവേണ്ടി പരസ്പരം പ്രാർത്ഥിക്കാം.

ക്രിസ്തുമസ്സിനെക്കുറിച്ചാലോചിയ്ക്കുമ്പോൾ പിന്നെയും എന്തൊക്കെയാണ് മനസ്സിലേക്ക് വരിക. ക്രിസ്മസ് കാർഡുകൾ, ക്രിസ്മസ് ക്രിബ്, ക്രിസ്മസ്ട്രീ, ക്രിസ്മസ് കേക്ക്, സാന്താക്ലോസ് എത്ര മനോഹരമായ സങ്കൽപ്പങ്ങളാണ്.

സാന്താക്ലോസിനെക്കുറിച്ച് ഇന്റർനെറ്റിൽ വായിച്ച ഒരു മനോഹരമായ കഥ ഓർമ്മവരുന്നു. സാന്താക്ലോസ് യാഥാർത്ഥ്യമാണോ അല്ലയോയെന്നുള്ളത് കുട്ടികളെ എന്നും കുഴയ്ക്കുന്ന വലിയ സംശയമാണ്. കൊച്ചുകുട്ടികൾ സാന്താക്ലോസ് ഉണ്ടെന്ന് ആത്മാർത്ഥമായി വിശ്വസിയ്ക്കുമ്പോൾ, മുതിർന്ന കുട്ടികൾ അവരെ കളിയാക്കും. അങ്ങനെയൊരു വീട്ടിൽ ഒരു കുഞ്ഞാങ്ങളയും പെങ്ങളുമായി തർക്കം നടക്കുകയാണ്. അപ്പോൾ കടന്നുവന്ന വല്യമ്മച്ചി തർക്കം തീർക്കാൻ ഒരു മാർഗ്ഗം കണ്ടെത്തി. കൊച്ചുമകന്റെ കയ്യിൽ കുറേ പൈസയെടുത്തു കൊടുത്തിട്ട് വളരെ സഹായം ആവശ്യമുള്ള ഏതെങ്കിലും ഒരാൾക്ക് വേണ്ടി ഒരു സമ്മാനം വാങ്ങാൻ അവനോട് പറഞ്ഞു. പെട്ടന്നവന് ഓർമ്മവന്നത് അവന്റെ ക്ലാസ്സിൽ പഠിയ്ക്കുന്ന ബോബി ഡക്കറെയാണ്. കടുത്ത തണുപ്പുകാലത്ത് എല്ലാ കുട്ടികളും പുറത്തു കളിയ്ക്കാൻ പോകുമ്പോഴും കോട്ടില്ലാത്തതിനാൽ ചുമയാണെന്നു നുണ പറഞ്ഞ് ക്ലാസ്സിൽ തന്നെയിരിക്കുന്ന ബോബിയെ അവൻ ഓർത്തു. കിട്ടിയ പണംകൊണ്ട് അവൻ ബോബിയ്ക്കുവേണ്ടി ഒരു കോട്ടുവാങ്ങി. പിന്നെ വല്യമ്മച്ചി പറഞ്ഞപോലെ മനോഹരമായ സുവർണ്ണ കടലാസ്സിൽ പൊതിഞ്ഞ് ''സാന്താക്ലോസിൽ നിന്നും ബോബിയ്ക്കുള്ള സമ്മാനം'' എന്നൊരു കുറിപ്പും ഒട്ടിച്ച് ക്രിസ്തുമസ്സ് രാത്രിയിൽ ബോബിയുടെ വീടിന്റെ വാതിൽക്കൽ കൊണ്ടു വച്ചു. ബോബിയുടെ വീടിന്റെ കോളിംഗ് ബെൽ അമർത്തി അവനും വല്ല്യമ്മച്ചിയും പുറത്തു പാ






# Bible Quiz Correct Answers

## ( Sept Oct )

1. Tent of Meeting (33:7)
2. Seven Days (29:35)
3. Oholiab (31:6)
4. Acacia Wood (37:1)
5. Be washed with water (30:20)
6. Tribe of Judah (35:30)
7. Aaron (32:2- 4)
8. Ithamar, Son of Aaron (38:21)
9. Mount Horeb (33:6)
10. Bezalel, Son of Uri (31:1)

Old Issue - Funny Question Answer




Last Issue - photo caption contest



## WINNERS

**BIBLE QUIZ**

**Melvin Thomas**
( Holy Rosary Unit)

**FUNNY QUESTION**

no correct answers

**CAPTION CONTEST**

**Pradheesh Thomas**
Infant Jesus Unit

**"അമ്മേ, അമ്മ എവിടെയാ ഒന്നു വരുമോ എനിക്ക് പേടിയാകുന്നു."**

## PARISH DAY 2012
## LITTLE FLOWER CHURCH, NERUL, NAVIMUMBAI
### ON SUNDAY, 25 th November, 2012

### PROGRAMME

| | |
|---|---|
| 3.30 PM | : Solemn Holy Mass |
| 5.45 PM | : Public Meeting |
| Chief Guest | : **Rev.Fr. JUSTIN KALLELI**<br>( Vice Chancellor, Diocese of Kalyan) |
| Guests of Honour | : **Rev.Fr. THOMAS NARIKULAM** |
| | **Rev.Sr. LOREDANA REITANO**<br>(Superior General of Apostolic Oblates) |
| 7.00 | : CULTURAL PROGRAMME<br>Presented By: Pithruvedi, mathrusangam, youth, prayer group, church choir, alter boys,catechism students & PTA. |
| | : **FELLOWSHIP MEAL** |

### Responsibilities for the Zones

| | |
|---|---|
| Stage Arrangements | : Cultural Committee |
| Food preparation | : Food Committee<br>**Emmaus Zone** (Cherupushpam,Fatima,St.John Units)<br>**Sehiyon Zone** ( Holy cross, St. Xavier Units) |
| Food Serving | : **Egypt Zone** (Holy Family, Don Bosco Units)<br>**Nazreth Zone** (Holy Rosary, Infant Jesus Units) |
| Tea & Snacks | : **Jerusalem Zone** (St.Mary's & St.Sebastian) |
| Seating Arrangements | : **Jordan Zone** (St.Joseph,St.Thomas,St.George Units)<br>**Israel Zone** (St.Alphonsa,St.Paul,Sacred Heart Units) |
| Volunters | : **Cannan Zone** (St.Jude,Bl.Chavara Kuriakose Units) |
| Church Decoration | : **Tabore Zone** (M.Theresa,St.Peter,Dominic Savio Units) |
| Guest in charge | : **Bethlehem Zone** (Holy Trinity,St.Antony,St.Martin Units) |

| | | |
|---|---|---|
| **Fr. Kuriakose Kalaparambath**<br>(Parish Priest) | **Fr. Bibin Cheenothuvattukulam**<br>(Asst. Parish Priest) | **Sr. Jainamma**<br>(Convenor) |
| **K.K.Simon & A.J.Johnson**<br>(Trustees) | **Nelson C.J.**<br>(Gen. Convenor) | **John T.S & George Mathew**<br>(Programme Convenors) |





ത്തു നിൽക്കുമ്പോൾ ബോബി വാതിൽ തുറന്ന് പുറത്തുവന്ന് സമ്മാനപ്പൊതി തുറന്ന് തുള്ളിച്ചാടുന്നതു കണ്ടു. അങ്ങനെ ലോകമെമ്പാടും ഉള്ള ആയിരക്കണക്കിനുള്ള സാന്താക്ലോസിന്റെ ടീമിലേയ്ക്ക് പുതിയൊരംഗം കൂടി ചേരുകയായി.

നമ്മൾക്കും സാന്താക്ലോസിന്റെ ടീമിൽ ചേരേണ്ടേ? പ്രിയപ്പെട്ട വർക്കും കൂട്ടുകാർക്കും ഒക്കെ ക്രിസ്തുമസ് സമ്മാനങ്ങൾ വാങ്ങുമ്പോൾ നമുക്കറിയാവുന്ന സഹായം ആവശ്യമുള്ള ഒരാൾക്കു കൂടി നല്ല ഒരു സമ്മാനം വാങ്ങി കൊടുത്തുകൊണ്ട് നമ്മൾക്കും സാന്താക്ലോസ്സിന്റെ ടീമിൽ ചേരാം. ഇനി സമ്മാനം വാങ്ങാൻ പൈസയില്ലെങ്കിലും വിഷമിയ്ക്കണ്ട. നമ്മളുടെ പ്രാർത്ഥനകൾ പോലും നല്ല സമ്മാനങ്ങളാണ്. ഗുരുതരമായ രോഗം ബാധിച്ചു കിടക്കുന്നവർക്കും, കുട്ടികളില്ലാത്ത ദമ്പതികൾക്കും ജീവിത പങ്കാളിയെ കണ്ടെത്താനാവാതെ വിഷമിയ്ക്കുന്ന യുവതീ യുവാക്കൾക്കും തൊഴിൽ രഹിതർക്കും എന്തു സമ്മാനമാണ് നമ്മൾക്ക് കൊടുക്കുവാൻ കഴിയുന്നത്? അവർക്കുവേണ്ടി ഉണ്ണിയീശോയോട് ആത്മാർത്ഥമായി നമുക്കു പ്രാർത്ഥിക്കാം. അതും തീർച്ചയായി നല്ല ഒരു സമ്മാനം തന്നെയാണ്.

എല്ലാവർക്കും വിവാ കുടുംബത്തിന്റെ ക്രിസ്തുമസ് മംഗളങ്ങൾ നേർന്നുകൊള്ളുന്നു.

## NOVENA TO SAINT PEREGRINE
(Patron of Cancer patients)

Saint Peregrine, whom holy mother church has declared patron of those suffering from running sores and cancer, I confidently turn to you for aid in my present need (Mention your request) Lest I lose confidence, I beg your kind intercession. Plead with Mary, the mother of sorrows, whom you loved so tenderly and in union with whom you have suffered the pains of cancer, that she may help me with her all powerful prayers and consolation. Obtain for me the strength to accept my trials from the loving hand of God with patience and resignation. May suffering lead me atone for my own sins and the sins of the world. Saint Peregrine, help me to imitate you in bearing whatever cross, God may permit to come to me. Uniting myself with Jesus crucified and the mother of sorrows. I offer my sufferings to God with all the love of my heart, for his glory and the salvation of souls, especially my own. Amen

**Nancy Felix**
St. Dominic Savio Unit

# ഇടയശബ്ദം



ഈശോയിൽ സ്നേഹം നിറഞ്ഞ മാതാപിതാക്കളെ, സഹോദരീ സഹോദരങ്ങളെ, കുഞ്ഞുങ്ങളെ,

സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും സന്ദേശം നൽകിക്കൊണ്ട് രണ്ടായിരം വർഷങ്ങൾക്കുമുമ്പ് ഈ ഭൂമിയിലേക്ക് അവതരിച്ച യേശുനാഥന്റെ തിരുപ്പിറവി ഒരിക്കൽകൂടി ആഘോഷിക്കുവാൻ നാം ഒരുങ്ങുകയാണല്ലോ. എങ്ങും വർണ്ണപ്പൊലിമയാർന്ന നക്ഷത്രവിളക്കുകളും, അലയടിക്കുന്ന ശബ്ദകോലാഹലങ്ങളും എല്ലാവരുടെയും ശ്രദ്ധയാകർഷിക്കുന്ന സാന്താക്ലോസ്സും മറ്റ് ആർഭാടങ്ങളും ഒരു പക്ഷേ ഈ പുണ്യ ദിനത്തിന്റെ സന്ദേശത്തെ വിസ്മൃതിയിലാക്കുന്നില്ലേ എന്നു ചിന്തിച്ചു പോവുകയാണ്.

ആദിയിൽ ദൈവം തന്റെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിച്ചു. (ഉത് 1/27) തന്റെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിച്ച സൃഷ്ടാവ് അവന് ഇണയും തുണയുമായി ഹവ്വായെ നൽകി. സൃഷ്ട വസ്തുക്കൾ സകലതിന്റെയും മേൽ അവനെ അധികാരിയാക്കി. അങ്ങനെ മനുഷ്യൻ ഭൂമിയിലെ ദൈവാവതാരങ്ങളായി തീർന്നു. എങ്കിലും അവനു ദൈവം കനിഞ്ഞു നൽകിയ അവിടുത്തെ ഛായയും സാദൃശ്യവും കാത്തുസൂക്ഷിക്കുന്നതിൽ അവൻ പരാജയപ്പെട്ടു. ദൈവത്തിന്റെ ഛായയും സാദൃശ്യവും ലഭിച്ച മനുഷ്യന്റെ പ്രലോഭനം സ്വയം ദൈവമാകാനായിരുന്നു; അരുതുകൂടില്ലാത്ത, ആർക്കും വിധേയപ്പെടേണ്ടാത്ത; ആരെയും അനുസരിക്കേണ്ടതില്ലാത്ത ദൈവമാകാൻ ആദിമാതാപിതാക്കളിൽ തുടങ്ങിയ ഈ പ്രതിഭാസം തുടർന്നുകൊണ്ടേയിരുന്നു. മനുഷ്യന്റെ മുമ്പിൽ പരാജിതനായി തീർന്ന ദൈവം; അവൻ തോറ്റിറങ്ങി വന്നു. മനുഷ്യന്റെ സാദൃശ്യത്തിലും ഛായയിലും അവതരിച്ചു. മനുഷ്യനിലൊരുവനായി അതാണല്ലോ ക്രിസ്തുമസ്സ്. സ്വയം ചെറുതായി തീർന്ന ദൈവം... തിരുവചനം പറയുന്നു. ദൈവത്തോടുള്ള സമാനത നിലനിർത്തേണ്ട കാര്യമായി പരിഗണിക്കാതെ അവിടുന്നു തന്നെത്തന്നെ ശൂന്യനാക്കി... മനുഷ്യനായി, സ്ത്രീയിൽ നിന്നു ജാതനായി (Phili 2/6) മനുഷ്യനു വേണ്ടി സ്വയം കൊച്ചാക്കുന്ന ദൈവം.

("ഇത്ര ചെറുതാകാൻ എത്ര വളരേണം
ഇത്ര സ്നേഹിക്കാൻ എന്തുവേണം")

'ചെറുതാകുവാൻ' മനസ്സില്ലാത്ത 'വലുതാകുവാൻ' അതിയായി ആഗ്ര



VIVA Teresa





With Best Compliments from :

Xavier A. Thoppil
(Tony)

B-604, Seaqueen Heritage, Sector 18,
Plot No. 6, Sanpada, Navi Mumbai.

Mob.: 93225 11946 • Tel.: 2772 5782

## NOVEMBER-2012

| SUN. | MON. | TUES. | WED. | THU. | FRI. | SAT. |
|---|---|---|---|---|---|---|
| | | | | **1** 2Thes.2;13-17 Mt.24;29-34 | **2** 2Thes.3;13-18 Mk.2;13-17 | **3** Rev.21;1-14 Mt.24;37-44 |
| **4** 1cor.13;1-13 Mt.16;13-19 | **5** 2Thes.3;13-18 Mk.2;13-17 | **6** Heb.6; 7-12 Mt.13;1-9 | **7** Heb.12;1-6 Lk.8;26-39 | **8** Rev.3;8-13 Mt.9;35-38 | **9** Heb.12;7-13 Lk.9;57-62 | **10** Act.10;9-16 Lk.5;1-11 |
| **11** Heb.8;1-6 Mt.12;1-21 | **12** 2Cor.4;11-15 Mt.19;23-30 | **13** 1Cor.4;1-5 Mt.19;16-22 | **14** 2Cor.11;7-15 Mt.21;23-27 | **15** 2Cor.11;16-21 Lk.10;8-16 | **16** Gal.4;12-20 Lk.10;17-20 | **17** 3John5;1-12 Lk.22;24-30 |
| **18** Heb.9;5-15 Jn.2;12-22 | **19** Heb.13;9-16 Lk.11;1-4 | **20** Jude1;17-25 Jn.4;43-54 | **21** Colo.4;2-6 Lk.1;39-45 | **22** Rev.19;11-16 Jn.18;28-37 | **23** Rev.19;5-10 Mt.22;1-14 | **24** Rev.4;1-11 Mt.12;22-32 |
| **25** Heb.9;16-28 Mt.22;41-46 | **26** Rev.21;9-21 Lk.9;7-17 | **27** 1Thes.4;1-8 Mk.5;25-34 | **28** Act.1;12-14 Mt.12;46-50 | **29** Rev.21;1-8 Jn.17;12-19 | **30** Rom.10;10-18 Mt.4;18-22 | |

## DECEMBER - 2012

| SUN. | MON. | TUES. | WED. | THU. | FRI. | SAT. |
|---|---|---|---|---|---|---|
| **30** Col.3;18-21 Mt.2;1-12 | **31** Gala.4;4-7 Lk.16;10-13 | | | | | **1** Rom.13;8-14 Lk.3;15-18 |
| **2** Eph.5;21-6;4 Lk.1;5-25 | **3** 2Cor.6;3-10 Mk.6;7-13 | **4** Rom.13;11-14 Lk.1;18-20 | **5** 1Cor.1;4-9 Lk.1;21-25 | **6** Heb.13;7-10 Mt.24;45-51 | **7** 2Thimo.4;1-8 Lk.14;25-33 | **8** Heb1;1-3+ 2;16 18 Lk.1;46-55 |
| **9** Colo.4;2-6 Lk.1;26-38 | **10** Eph.4;13-16 Jn.14;11-14 | **11** 1Thes.5;5-11 Lk.10;21-24 | **12** Eph.1;3-12 Lk.1;34-38 | **13** Rom.12;9-18 Lk.1;39-45 | **14** 1Cor.2;1-10 Lk.1;46-56 | **15** Heb.3;12-19 Lk.11;33-36 |
| **16** Eph.3;1-13 Lk.1;57-66 | **17** 1Cor.5;1-8 Lk.6;43-45 | **18** Eph.2;14-22 Jn.14;1-6 | **19** 1Thes.2;13-17 Lk.16;10-13 | **20** Gaia.4;18-20 Lk.1;67-79 | **21** Colo.1;10-16 Mk.1;1-8 | **22** Eph.1;15-23 Jn.3;22-30 |
| **23** Eph.5;5-21 Mt.1;18-24 | **24** Colo4;6-14 Jn.1;14-18 | **25** Gala.3;15-4;6 Lk.2;1-20 | **26** Eph.4;17-24 Mt.10;16-22 | **27** Rom.8;35-39 Jn.21;20-24 | **28** Heb.11;32-38 Mt.2;13-18 | **29** Heb5;11-14 Lk.12;54-59 |



VIVA Teresa

ഹിക്കുന്ന ഒരു ലോകത്തിലാണ് നാമിന്നു ജീവിക്കുക. പിറന്നു വീഴുന്ന കുഞ്ഞുമുതൽ മരണക്കിടക്കയിൽ മരണത്തിനായി കാതോർത്തു കിടക്കുന്ന മുതുമുത്തഛനിൽ വരെ കാണുന്ന പ്രതിഭാസം... രാഷ്ട്രത്തിലും സമൂഹത്തിലും കുടുംബത്തിലുമൊക്കെ... ഇതിന്റെ മാറ്റൊലിയല്ലേ മുഴങ്ങിക്കേൾക്കുക. സ്വയം വലുതാകുവാൻ എനിക്കു പ്രതിബന്ധമാകുന്നവരെയൊക്കെ നശിപ്പിക്കുവാൻതെല്ലും സങ്കോചമില്ലാത്ത മനുഷ്യത്വം മരവിച്ച ഒരു തലമുറയേയല്ലേ ദിനം പ്രതി പത്രങ്ങളിൽ നാം കാണുക. എനിക്കു വലുതാകുവാൻ അന്യരെ കൊച്ചാക്കുന്നു. എനിക്കു വലുതാകുവാൻ അപരൻ ചെറുതായേ പറ്റു എന്നു കരുതുന്നിടത്തെല്ലാം അപരൻ എനിക്കു പ്രതിബന്ധമാകുന്നു. തച്ചുടയ്ക്കേണ്ട, നശിപ്പിക്കപ്പെടേണ്ട പ്രതിബന്ധം. എന്തിന് നമ്മുടെ കുടുംബത്തിലുണ്ടാകുന്ന ചെറുതും വലുതുമായ സൗന്ദര്യപ്പിണക്കങ്ങൾ സ്വയം വലുതാകുവാനുള്ള ആഗ്രഹത്തിന്റെ അലയടികൂടല്ലേ? ഭാര്യാ ഭർതൃ ബന്ധത്തിൽ ഞാനോ നീയോ വലുത് എന്ന തർക്കത്തിൽ സ്വാർത്ഥതയുടെ പര്യായമായി ഒറ്റയാനായി വളരുന്ന നമ്മുടെ കുഞ്ഞുങ്ങൾ ... നമ്മുടെ പല കുടുംബങ്ങളുടെയും തകർച്ചയുടെ പിന്നിലെ രഹസ്യം ഇതു തന്നെയല്ലേ?

ചെറുതാകലിലെ വലുപ്പം തന്റെ മനുഷ്യാവതാരത്തിലൂടെയും ജീവിതത്തിലൂടെയും കാണിച്ചു തന്ന യേശുനാഥൻ നമ്മെ പഠിപ്പിച്ചു. നിങ്ങളിൽ വലിയവനാകാൻ ആഗ്രഹിക്കുന്നവൻ നിങ്ങളുടെ ശുശ്രൂഷകനാകണം. നിങ്ങളിൽ ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ എല്ലാവരുടെയും ദാസനുമാകണം. (mk 10/43) താൻ കൊച്ചായി, അപരൻ വലുതാകണം എന്നു ചിന്തിക്കുവാൻ ഈ ക്രിസ്തുമസ്സ് നമുക്കു പ്രചോദനമാകട്ടെ. കർത്താവിന് വഴിയൊരുക്കുവാൻ വന്ന സ്നാപകയോഹന്നാൻ വിളിച്ചു പറഞ്ഞു ''കർത്താവിന് വഴിയൊരുക്കുവിൻ, അവിടുത്തെ പാതകൾ നേരെയാക്കുവിൻ...''

അഹങ്കാരത്തിന്റെയും ഞാനെന്ന ഭാവത്തിന്റെയും സ്വാർത്ഥതയുടെയും കുന്നുകൾ വെട്ടി നിരപ്പാക്കി അവിശ്വസ്തത നിറഞ്ഞ ചിന്താഗതികളും മനോഭാവങ്ങളും നേരെയാക്കി, സുഖലോലുപതയുടെയും അസൂയയുടേതുമായ ചെങ്കുത്തായ പ്രദേശങ്ങൾ നിരപ്പാക്കി, പകയും വിദ്വേഷവും കൊണ്ട് സ്നേഹം വറ്റി വരണ്ട അഗാധമായ ഗർത്തങ്ങൾ അപരനെ ശ്രേഷ്ഠരായി കാണുന്ന സ്നേഹത്തിന്റെ നിറവു നൽകി... നമ്മുടെ ഹൃദയത്തിലേക്ക് പിറക്കാനായി ആഗ്രഹിക്കുന്ന ഉണ്ണീശോക്ക് പാതയൊരുക്കാം.

എല്ലാവർക്കും ക്രിസ്തുമസ്സ് ആശംസകളോടൊപ്പം ദൈവാനുഗ്രഹങ്ങളാൽ നിറഞ്ഞ ഒരു പുതുവർഷവും ആശംസിക്കുന്നു.

സ്നേഹത്തോടെ,

കുര്യാക്കോസച്ചൻ.

# Letter to my Little Friends...

My dear Friends,

Inspired by an article in Malayalam written by Fr. Bobby Kattikad, this time I intend to write to youth rather than to my little friends.

It is said that "Life is the agony between the story you wrote and the story you could have written."This is truer about youth than to life itself. Most of a man's regrets and mistakes are about his youth days. As we are through our youth days, we feel that we could have spent our youth days more fruitfully. Some may think he/she could have studied better, some may think he could have been more obedient to his parents or he could have been more disciplined and so on.

There is a story of a very old Buddhist monk. He receives many complaints about his nephew from his mother. So one day he goes to their house. He prefers to stay in his nephew's room along with him. His nephew is well aware of the purpose of his visit and is nervous the whole day. But the whole day and night the monk speaks no word. The next day morning as he is set to leave, he tries to tie the lace of his shoes in front of his nephew. Unable to do it because of his old age, he seeks the help of his nephew, who obliges. The monk then thanked him and said, "Look son, a day may come when you may not be able to even tie your shoe lace. So, spend your youth more meaningfully and fruitfully." As the monk left, the young man slowly realized what he meant and tears fell down from his eyes.

Yes friends, your present attitude towards life and what you do today lays the foundations of your future life. There is nothing much said about Jesus' youth in the Gospel. But whatever little is there is very meaningful and enlightening. In Luke (2:52) we read "And Jesus grew in wisdom and stature and in favour with God and man" What do we mean by stature. It has indeed to do more with your health and the growth of your body than your age. Good food habits, exercises, cleanliness etc. Do not engage in anything which harms your body. Keep away from drinking, smoking. Try to maintain absolute purity.

And wisdom? Wisdom is not what we learn from text books and class rooms. It is the pursuit of absolute truth. Who you are? Who is God? What is your relationship with God? What is good and evil? Etc. Listen to the word of God and be inspired to know God more and more. Read more and listen to the learned and the wise. Learn to sit in solitude and pray. In I Kings Chapter 3 we read about the prayer of King Solomon. Solomon prayed to God "Give your servant therefore an understanding mind to govern your people, able to discern between good and evil …." It pleased the Lord that

*contd... on page no.28*





## Ernakulam to Panvel

| No. | Name | From | Dep | To | Arr | Dep Days | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 1066 | Ernakulam Jn. Mumb... | ERS | 23:30 | PNVL | 3:00 | | | | | T | | |
| 1068 | Tirunelveli - Mumbai... | ERN | 20:40 | PNVL | 22:20 | | **M** | | | | | |
| 12202 | Kochuveli-Mumbai LTT... | ERN | 13:00 | PNVL | 10:15 | **S** | | | | T | | |
| 12217 | Kerala Sampark Krant... | ERS | 12:55 | PNVL | 10:55 | | | | | | | S |
| 12224 | Ernakulam-LokmanyaTi... | ERS | 21:30 | LTT* | 18:15 | **S** | | | W | | | |
| 12283 | Ernakulam-Hazrat Niz... | ERS | 23:30 | PNVL† | 23:14 | | | T | | | | |
| 12287 | Kochuveli-Dehradun W... | ERN | 13:00 | PNVL | 10:55 | | | | | | F | |
| 12431 | Trivandrum Central-H... | ERS | 22:30 | PNVL | 18:05 | | | T | | T | F | |
| 12483 | Kochuveli-Amritsar E... | ERS | 12:55 | PNVL | 13:35 | | | | W | | | |
| 12617 | Mangala Lakshadweep ... | ERS | 13:15 | PNVL | 12:55 | **S** | **M** | T | W | T | F | S |
| 12977 | Marusagar Express | ERS | 20:05 | PNVL | 19:50 | **S** | | | | | | |
| 12997 | Tirunelveli-Hapa SF ... | ERS | 12:55 | PNVL | 10:55 | | **M** | T | | | | |
| 16312 | Kochuveli-Bikaner Ex... | ERN | 20:05 | PNVL | 21:20 | | | | | | | S |
| 16332 | Trivandrum-Mumbai CS... | ERS | 8:30 | TNA | 19:59 | | | | | | | S |
| 16334 | Thiruvananthapuram-V... | ERN | 20:05 | PNVL | 21:20 | | **M** | | | | | |
| 16336 | Nagercoil-Gandhidham... | ERN | 20:05 | PNVL | 22:20 | | | T | | | | |
| 16338 | Ernakulam-Hapa Expre... | ERS | 20:05 | PNVL | 21:20 | | | | W | | F | |
| 16346 | Netravati Express | ERS | 14:05 | PNVL | 15:10 | **S** | **M** | T | W | T | F | S |
| 16382 | Kanyakumari-Mumbai C... | ERN | 13:30 | KJT | 2:49 | **S** | **M** | T | W | T | F | S |
| 19259 | Kochuveli - Bhavnaga... | ERN | 20:05 | PNVL | 21:20 | | | | | T | | |
| 19261 | Kochuveli - Porbanda... | ERS | 14:40 | PNVL | 13:40 | **S** | | | | | | |
| 22149 | Ernakulam-Pune SF Ex... | ERS | 5:15 | PNVL | 2:25 | | | T | | | F | |

## TRAINS TO KERALA

### Panvel to Ernakulam

| No. | Name | From | Dep | To | Arr | Dep Days S | M | T | W | T | F | S |
|---|---|---|---|---|---|---|---|---|---|---|---|---|
| 1065 | Mumbai LTT - Ernakul... | PNVL | 18:10 | ERS | 21:00 | | | | W | | | |
| 1067 | Mumbai LTT - Tirunel... | PNVL | 18:10 | ERN | 20:30 | | | | | | | S |
| 12201 | Mumbai LTT-Kochuveli... | PNVL | 18:10 | ERN | 15:35 | | M | | | | F | |
| 12218 | Kerala Sampark Krant... | PNVL | 12:30 | ERS | 14:10 | | | | | T | | |
| 12223 | Mumbai LTT Ernakulam... | LTT* | 20:50 | ERS | 17:45 | | | T | | | | S |
| 12288 | Dehradun Kochuveli E... | PNVL | 12:30 | ERN | 14:05 | | | T | | | | |
| 12432 | H.Nizamuddin-Trivand... | PNVL | 5:10 | ERS | 1:05 | | M | | W | T | | |
| 12484 | Amritsar Kochuveli E... | PNVL | 12:30 | ERS | 10:50 | | M | | | | | |
| 12618 | Mangala Lakshadweep ... | PNVL | 9:30 | ERS | 10:00 | S | M | T | W | T | F | S |
| 12978 | Marusagar Express | PNVL | 5:10 | ERS | 4:15 | | | | | | | S |
| 12998 | Hapa-Tirunelveli SF ... | PNVL | 12:30 | ERS | 10:10 | S | | | | | | S |
| 16311 | Bikaner Kochuveli Ex... | PNVL | 22:05 | ERN | 22:25 | | | | W | | | |
| 16331 | Mumbai CST-Trivandru... | KJT | 13:50 | ERS | 22:45 | | M | | | | | |
| 16333 | Veraval-Tiruvanantha... | PNVL | 22:05 | ERN | 22:25 | | | | | T | | |
| 16335 | Gandhidham Nagercoil... | PNVL | 22:05 | ERN | 22:25 | | | | | | F | |
| 16337 | Hapa-Ernakulam Expre... | PNVL | 22:05 | ERS | 22:40 | | M | | | | | S |
| 16345 | Netravati Express | PNVL | 12:55 | ERS | 14:10 | S | M | T | W | T | F | S |
| 16381 | Mumbai CST - Kanniya... | KJT | 17:20 | ERN | 4:25 | S | M | T | W | T | F | S |
| 19260 | Bhavnagar Kochuveli ... | PNVL | 22:05 | ERN | 22:25 | S | | | | | | |
| 19262 | Porbandar - Kochuvel... | PNVL | 12:30 | ERS | 10:50 | | | | | | F | |
| 22150 | Pune-Ernakulam SF Ex... | PNVL | 21:25 | ERS | 19:00 | S | | | W | | | |
| 16337 | Okha-Ernakulam Expre... | PNVL | 22:05 | ERS | 22:40 | | M | | | | | S |





# SPIRITUAL PREPARATIONS BY THE PARENTS FOR THE FIRST HOLY COMMUNION OF A CHILD.

***Parents of Angelina Sabu - Sabu Scaria & Flora Sabu***
***St. Joseph Unit***

*First Holy Communion of our child is an event which brings out the spiritual inclination and holiness of each and every parent. The preparations for this starts from the day the parish priest announces the date for the Holy Communion.*

*We started preparing our daughter nearly two months before. Children should know their prayers well. Since it is a major event, preparing for the same was something we as parents were really looking forward to.*

*We started by going through the prayers with our daughter and making sure that she is able to understand and learn them well. Everyday in our evening prayers we decided that our daughter will lead by reciting the Holy Rosary and reading the Bible. This will help her to learn the prayers without much difficulty. We have ensured that she attends the classes conducted by the sisters and doesn't miss even one of them. She also attends the holy mass after the classes.*

*We have noticed a lot of changes in her attitude towards various situations of day to day life after attending these classes. Whenever we discuss about what was taught we were always very appreciative and impressed with the teachings because we too as parents learned about the importance of sacrifice, forgiveness and caring in our life.*

*Our daughter was instructed to first pray after getting up every morning and to promise God to do a good deed every day. We too realized that in today's world where we don't have even a moment to spare to help others or to care for them, this was an opportunity for us to change our attitude towards life. We also need to set aside some time and consciously promise to do a good deed*

*thereby leading an ideal Christian life.*

*Holy Communion is an occasion where we as parents also realize the importance of Jesus Christ in our life which we tend to forget so conveniently everyday. Now our lives have become so stressed out and busy that we do things so monotonously always taking for granted the people around us.*

*The feeling of sacrifice was also seen in our daughter's acceptance of forgoing the joy of eating chocolates to the joy of saving that money, so that it could be donated to the poor or the orphanage. So we as Christians having forgotten the values which we learnt long back, this season is the time of recollecting all our religious duties and expectations. Of remembering Jesus Christ more truthfully and with reverence.*

*When our daughter receives the first holy communion and confirmation, it is not only she who will be filled with the holy spirit but as parents it is also our time for reliving all our Christian vows and recollecting the life of Jesus which expects us to love, forgive and sacrifice so that we may lead a good Christian*

## Funny Questions

**Allan Erumelikara -** St. Don Bosco Unit

1) How can you drop a raw egg into a concrete floor without cracking it ?
2) How can you lift an elephant with one hand ?
3) How can a man go eight days without sleep ?
4) If you throw a red stone into the blue sea what it will become?
5) What looks like half apple ?
6) What can you never eat for breakfast ?
7) What happened when wheel was invented ?
8) Bay of Bengal is in which state ?
9) How many buckets of water does pacific ocean contains ?
10) What is an Atom Bomb ?

For Answers see page No. 12





Mrs.Sheeja Salim
Mr.M.P.Jose
Mrs. Thresiamma Joy
Mrs.Elizabeth Thomas
**Responsibility**--Jordan Zone

**Police Permission**
Mr.K.P. Francis (Leader)
Mr.Antony David
**Procession Prayer & Music**
Mr.Saji Paul
Mr.Antony Joseph

**Issue of Arrows To Family Units**
Mr.K.K Simon
Mr.A.J Johnson


**Issue of Arrows For Ambeduckal**
Mr.P.J Antony (Leader)
Mr.Georgekutty (Leader)
Mr.T.V.Varghese
Mr.Felix varghese
Mr.C.J.Davis
Mr.V.G.Varghese
Mr.Varghese Mathai
Mr.Tomy Joseph
**Arrangements of Arrows For Procession**
Mr.T.V Varghese (Leader)
Mr.Joy G Kodankandathil (Leader)
Mr.Maju Mathew
Mr.Babu Maroki
Mr.Ropson Paul
**Chenda Melam**
Mr.Mohan Kandathil
Mr. M. P. Jose
**Band Set**
Mr.K.P .Thomas
Mr.Jos.D.Chakola
**Mekatty**
Mr.Joshy B.A
Mr.Shon
Responsibility--Yuvavedi Team
**Kurish Arrangments**
Mr.Reji Thomas (Leader)
Mr.Babu Pullan
**Responsibility**--Youth Memebers
**Muthukuda**
Mr.V.L Johnson (Leader)
Mr.C.K Raphel
Mr.Elsy George
Mr.Daisy Baby
**Responsibility--** St .John's Unit

**Roopam Vechicle Decoration**
Mr.Biju Varghese (Leader)

# Committe Members for St.Sebastian's feast on 11, 12, 13 January 2013



**Mr. Savio George**
Feast General Convenor



**Mr. Fernandes John**
Presudenti



**Mr. Antony David**
Feast General Convenor

**Cordinators**
Rev. Sr. Jainamma
Mr. K.K Simon
Mr. A.J Johnson

**Prasudenthi**
Mr. Fernandez John Varghese

**General Convenors**
Mr. Anthony David
Mr. Savio George

**Liturgy**
Rev. Sr. Jainamma (Incharge)
Mr. K.O Varghese (Leader)
Mrs. Mini Joseph
Mr. K. K Simon
Mrs. Leena Johnson
Mr. Paul Sathish

**Choir**
Rev. Sr.Jyothi (Incharge)
Mr.T.S .Johny

**Altar Decoration**
Rev.Sr.Moliamma (Incharge)
Mrs.Gracy Pathrose (Leader)
Mrs. Bea Thomas
Mrs. Lathika Joseph
Mrs. Mercy Francis
Mrs. Leena Johnson

**Church Inside Decoration**
Rev.Sr.Mollykutty (Incharge)
Mr.KL Babu (Leader)
Mr.Georgekutty George
Mr.George Mathew
Mr.T.V Varghese
Mr. Felix Varghese
Mr. Saji Paul
Mr. Franco Thomas
Mrs.Tessy Melvin
Mrs.Lissa Louis
Mr. Kurieed
Mr.Thobias
Mrs.Mini Shajan
Mr.P.V.Mathew
**Responsibility**--Tabore Zone

**Church Inside Discipline**
Rev.Sr.Molykutty (Incharge)
Mr.A.J Johnson (Leader)
Mr.K .X George
**Responsibility** -Catechism Teachers

**Guest**
Rev.Sr. Lijo (Incharge)
Mrs.Gracy George (Leader)
Mr.Lalson George (Leader)
Mrs.Kunjumol Thomas
Mrs.Mary Devasia
Mrs.Daisy Inasukutty
Mrs.Leena Johnson
Mrs.Alphonsa Varghese
Mrs. Lathika Joseph
Mrs. Elsy George

**Nercha**
Rev Sr. Jainamma
Mr.E.P Devasia (Leader)
Mr.T.P. Varghese
Mr.M.C.Varghese
Mrs.Leelamma Sebastian
Mr.P.J .Philiph
Mr.M.C.Sibichan
**Responsibility**--St.Alphonsa unit

**Kodimaram Decoration**
Mr.C.J .Davis(Leader)
Mr.Varghese Mathai-(-shaji)
Mr.Johnson Varghese
Mrs.Reena Babu
Mr.Sunny Paily
**Responsibility**--Fatima Matha Unit

**Notice and Newspapers Matters /Media**
Mr.C.J .Nelson

**Announcement & Information**
Mr.K.T. Paul

**Notice Distribution and Invitation**
Mr.Sabu Scaria (Leader)
Mr.P.J Joseph
Mr.M.P Jose
Mr. Antony David
Mr. Savio George

**Visual Effects**
Mr.Paul Thottiyan (Leader)
Mr.Varghese Mathai
Mr.T.S.Johny

**Illumination & Electrical Works**
Mr. Varghese Mathai (Leader)
Mr.Biju Mathew

**Church Outside Decoration**
Mr.Biju Mathew (Leader)
Mr.Vargese Paul
Mr.Georgekutty E.S
Mrs.Suja Monachan
Mrs.Beena Thomas
Mrs.Anita Rajesh
Mrs.K.K.Yohannan
**Responsibility**--Cannan Zone

**Roopam Decoration--Outside Church**
A.K.Thomas (Leader)
VG Varghese
Mercy Varghese
Siby Abraham
**Responsibility**--Sacred Heart Unit

**Seating arrangements outside & Discipline**
Mr.K.X George (Leader)
Mr.Maju Mathew (Leader)
Mr.M.V.Babu
Mrs.Sherly Abraham
Mr.Jismon Sebastian
Mr.P.J Joseph
Mrs.Shiney Tomichen





# വെള്ള വസ്ത്രം

**സി. ലിജോ കരിംന്തകരയ്ക്കൽ ഏ.ഒ.**

ആദ്യ കുർബാന കൈക്കൊള്ളാനായി നിരയായി നിൽക്കുന്ന മാലാഖ കുഞ്ഞുങ്ങളെ കണ്ടപ്പോൾ എന്റെ മനസ്സിലും ഓർമ്മയുടെ ചില്ലുകൾ ഉലഞ്ഞു. വെള്ള ഉടുപ്പും വെൺമണികൊന്തയും വെള്ള തിരിയും പിടിച്ച്, വെള്ളി വെളിച്ചം പോലെ പ്രകാശിച്ചു നിന്ന എന്റെ പ്രാണനാഥന് മഞ്ഞുപോലെ വെൺമയുള്ള എന്റെ ഹൃദയത്തിലേക്ക് സ്വാഗതം അരുളിയ പൊൻസുദിനം ഇന്നും മനസ്സിൽ മായാതെ നിൽക്കുന്നു. പുണ്യങ്ങളാലും സുകൃതങ്ങളാലും കോർത്തിണക്കിയ വെള്ള പൂമാലയും ഏന്തി ഈശോയെ സ്വീകരിക്കാനായി വല്ല്യമ്മച്ചിക്കൊപ്പം അതിരാവിലെ ദേവാലയത്തിലേക്ക് യാത്ര ആയതും വഴിയിലൂടനീളം അമ്മച്ചി ഓതി തന്ന സുകൃതങ്ങൾ ഏറ്റു ചൊല്ലിയതും ''ഈശോയെ നീ വന്നാലും എൻ ഹൃദയത്തിൽ നാഥനായ്'' എന്ന് ഗായക സംഘം പാടിയപ്പോൾ ഈശോയെ സ്വീകരിക്കാനായ് എന്റെ ഹൃദയവും തുടിച്ചതും ഇന്നും മനസ്സിൽ മായാതെ തെളിയുന്നു.

ദൈവസ്തുതി മന്ത്രങ്ങളാൽ മുഖരിതമായ ആ ദേവാലയം വിട്ടിറങ്ങിയ നാളുകൾക്കുശേഷം ജീവിതത്തിൽ പല മുള്ളുവഴികളും താണ്ടി. എന്റെ വെള്ള ഉടുപ്പിന്റെ വെൺമ ആകെ മങ്ങിയിരിക്കുന്നു. ഒറ്റപെടുത്തലുകളുടെയും തിരസ്കരണത്തിന്റെയും കൈയ്പുനീരും, കൈതാങ്ങായി തീരേണ്ടവർ കൈ യ്യൊഴിഞ്ഞതിന്റെ ഹൃദയനൊമ്പരവും വിശ്വസിച്ചു കൂടെ നടത്തിയ സുഹൃത്തുക്കൾ വഞ്ചിച്ച അനുഭവങ്ങളും സ്വന്തം താല്പര്യത്തിനും സ്വന്തം ഇഷ്ടത്തിനും വേണ്ടി മാത്രം ജീവിച്ച നിമിഷങ്ങളും, വൈരാഗ്യവും പകയുമൊക്കെ ജീവിത ഭാഗമാക്കിയതും അനുദിനമുള്ള പിരിമുറുക്കത്തിനും ഉത്ക്കണ്ഠയ്ക്കും ഒടുവിൽ അവശനായി വീട്ടിലെത്തുമ്പോൾ അന്ധകാരം ഘനീഭവിച്ച ആ അന്തരീക്ഷത്തിൽ വിശ്രമ സമയം മുഴുവൻ ടിവിയ്ക്കു മുമ്പിൽ അഭയം തേടുന്നതും കൂടെ ഉള്ളവരെ കേൾക്കാനോ സ്നേഹിക്കുവാനോ കൂടെ ആയിരിക്കാനോ കൂട്ടാക്കാതെ എന്തൊക്കെയോ വെട്ടിപ്പിടിക്കാനായി പായുമ്പോൾ ഒരു നിമിഷം നിൽക്കാം. താണ്ടിയ വഴികളിലേക്ക് ഒന്ന് പിൻതിരിഞ്ഞുനോക്കാം. ലാവ പോലെ തിളച്ചു മറിയുന്ന എന്റെ ജീവിതത്തിൽ ഹെർമോൻ മഞ്ഞുപോലെ കനിഞ്ഞിറങ്ങുന്ന അമ്മയുടെ സാന്തനത്തിന്റെ കരങ്ങളും, ജീവിത സഞ്ചാരങ്ങളെ പ്രകാശിപ്പിച്ച അപ്പന്റെ നിശബ്ദ സാന്നിദ്ധ്യവും ഇന്ന് എന്റെ അരികത്തില്ല. ദുരിതങ്ങളുടെ പെരുമഴയത്ത് കയറി നിൽക്കാൻ പറ്റുന്ന ആത്മാർത്ഥ സുഹൃദ്ബന്ധങ്ങളും ഇന്നെനിക്കില്ല.

എത്ര അഴുക്കുള്ള വസ്ത്രവുമായി കുഞ്ഞെത്തിയാലും സ്വീകരിക്കുന്ന അമ്മയുടെ മടിത്തട്ടുപോലെയാണ് നമ്മുടെ ദൈവത്തിന്റെ ഹൃദയം നമ്മുടെ വെള്ള വസ്ത്രത്തിന്റെ നിറം മങ്ങിയാലും കറപിടിച്ചാലും അവിടുത്തെ സ്നേഹത്തിന്റെയും ക്ഷമയുടെയും വെള്ളത്താൽ നമ്മെ കഴുകി, പുലർകാലത്ത് മഞ്ഞു വീണു കിടക്കുന്ന വെള്ള താഴ്വര പോലെയാക്കും അവിടുന്നു നമ്മെ. ഇതാ വീണ്ടും ആരംഭിക്കുവാൻ ഒരു ഊഴം അകന്നു പോയ ബന്ധങ്ങളെ വിളക്കിയോജിപ്പിക്കുവാൻ, മറന്നുപോയ പ്രാർത്ഥനകളെ ഓർത്തെടുക്കുവാൻ, കുഞ്ഞികൈകളിൽ അമ്മ ചേർത്തുവച്ചു തന്ന ജപമണികളെ വീണ്ടും എടുക്കുവാൻ കളഞ്ഞുപോയ സുകൃതങ്ങളെ വീണ്ടെടുക്കുവാൻ ഈ ദിനം നമ്മെ സഹായിക്കട്ടെ.

# മാതാവിൻ ചാരെ...

**സി. മോളിയമ്മ പുത്തേട്ട്**

ആഗോള കത്തോലിക്കർ വളരെയധികം ഇഷ്ടപ്പെടുന്നതും അത്യധികം ഫലദായക ശക്തിയുള്ളതുമാണ് കൊന്ത എന്ന അപരനാമത്തിൽ അറിയപ്പെടുന്ന ജപമാല. പരമ്പരാഗതമായി നാം ഒക്ടോബർ മാസം ജപമാല ഭക്തിയ്ക്കായി മാറ്റി വയ്ക്കപ്പെട്ട മാസമാണ്.

എന്തുകൊണ്ടാണ് ഒക്ടോബർ മാസം ജപമാല മാസമായി തിരഞ്ഞെടുക്കപ്പെട്ടത് എന്ന് ചിന്തിച്ചപ്പോൾ എനിക്ക് കണ്ടെത്താൻ സാധിച്ചത് ക്രിസ്തുമതത്തിന്റെ ചരിത്രം തന്നെ ജപമാല ഭക്തിയുമായി അവഗാഹം ബന്ധപ്പെട്ടിരിക്കുന്നുവെന്നാണ്. ക്രിസ്തുമതത്തിന്റെ കേന്ദ്രമായ ക്രൈസ്തവ യൂറോപ്പ്, അതായത് ഇന്നത്തെ റോമാരാജ്യം പിടിച്ചെടുക്കുവാനുള്ള ആവേശത്തോടെ 1571ൽ മുസ്ലീം തുർക്കികൾ ലെപ്പാന്റോ കടലിടുക്കിൽ വച്ച് ക്രൈസ്തവ സൈന്യവുമായി ഒരു യുദ്ധമുണ്ടായി. ഈ യുദ്ധത്തിൽ ക്രൈസ്തവ സൈന്യം പരാജയത്തിന്റെ വക്കോളമെത്തിയപ്പോൾ റോമിലെ അന്നത്തെ മാർപ്പാപ്പയായിരുന്ന പീയൂസ് 5-ാമൻ റോമൻ ജനതയെ വിളിച്ചുകൂട്ടി യുദ്ധ ദിവസം മുഴുവൻ നിർത്തില്ലാതെ ജപമാല ചൊല്ലി പ്രാർത്ഥിച്ചു. ഇതിന്റെ ഫലമായി പരി. അമ്മയുടെ വ്യക്തമായ ഇടപെടൽ ഉണ്ടാവുകയും തുർക്കി സൈന്യത്തെ പരാജയപ്പെടുത്തുകയും ചെയ്തു. ഈ യുദ്ധം നടന്നത് 1571 ഒക്ടോബർ 7-ാം തീയതിയാണ് ഈ ദിനത്തെ അനുസ്മരിച്ചു കൊണ്ടാവാം ഒക്ടോബർ മാസം ജപമാല മാസമായി തിരഞ്ഞെടുക്കപ്പെട്ടത്. ഈ യുദ്ധത്തിനു ശേഷമാണ് മാതാവിന്റെ ലുത്തിനിയയായിൽ ക്രിസ്ത്യാനികളുടെ സഹായമേ എന്നു കൂടി ചേർക്കപ്പെട്ടത്.

കൊന്ത നമുക്കെല്ലാവർക്കും സുപരിചിതമാണ്. ഇത് പരി. അമ്മയുടെ തൃക്കരങ്ങളിൽ നിന്നുതന്നെ സംസിദ്ധമായതാണ്. കൊന്ത എന്നത് ഒരു പോർച്ചുഗീസു വാക്കാണ് (Conto) എണ്ണം (Count) എന്നാണ് ഈ വാക്കിന്റെ അർത്ഥം. പ്രാർത്ഥനകളെ എണ്ണുവാനുള്ള ഉപകരണം എന്ന അർത്ഥത്തിലാണ് ആദ്യകാലങ്ങളിൽ കൊന്ത ഉപയോഗിച്ചിരുന്നത്. കൊന്ത എന്ന വാക്കിന്റെ ഇംഗ്ലീഷ് പദം Rosary എന്നാണല്ലോ? Rosarium എന്ന ലാറ്റിൻ പദത്തിൽ നിന്നാണ് ഈ വാക്കിന്റെ ഉത്ഭവം. റോസാപ്പൂക്കളുടെ തോട്ടം എന്നാണർത്ഥം. ജപമാലയിലെ ധ്യാന വിഷയങ്ങളായ പ്രാർത്ഥനാ സമാഹാരം വിവിധ വർണ്ണങ്ങളാൽ ശോഭിതമായ റോസാപ്പൂക്കൾ പോലെ മനോഹരമായതിനാലാവാം ഈ പേര് നൽകപ്പെട്ടത്.

16-ാം നൂറ്റാണ്ടോടു കൂടിയതാണ് ഇന്നത്തെ രീതിയിലുള്ള കൊന്ത നമസ്കാരം നിലവിൽ വന്നത്. ക്രിസ്തുമതത്തിന്റെ ആദ്യ നൂറ്റാണ്ടുകളിൽ ക്രിസ്ത്യാനികൾ ദേവാലയത്തിൽ ഒന്നിച്ചുകൂടി 150 സങ്കീർത്തനങ്ങൾ ആലപിച്ചിരുന്നു. ഈ സങ്കീർത്തനാലാപനമാണ് കൊന്തനമസ്കാര രൂപീകരണത്തിന് പ്രചോദനമായത്.





# ഓർമ്മിക്കാൻ ... ആചരിക്കാൻ ...

**നവംബർ 2012**

1. സകല വിശുദ്ധരുടെയും തിരുന്നാൾ
2. സകല മരിച്ചവരുടെയും തിരുന്നാൾ
5. വി. സക്കറിയായും ഏലീശായും
25. മിശിഹായുടെ രാജത്വ തിരുന്നാൾ
30. വി. അന്ത്രയോസ് ശ്ലീഹാ

**ഡിസംബർ 2012**

1. ഇരുപത്തിയഞ്ച് നോമ്പാരംഭം
3. വി. ഫ്രാൻസിസ് സേവ്യർ
7. വി. അംബ്രോസ്

8 പ. കന്യകാമറിയത്തിന്റെ അമലോത്ഭവ തിരുന്നാൾ
14 കുരിശിന്റെ വി. യോഹന്നാൻ
18 മൈലാപ്പൂരിലെ അത്ഭുതസ്ലീവാ
25 ഈശോമിശിഹായുടെ പിറവിത്തിരുന്നാൾ
27 വി. എസ്തപ്പാനോസ്
28 കുഞ്ഞിപ്പൈതങ്ങൾ
29 ദൈവമാതാവിന്റെ അനുമോദനത്തിരുന്നാൾ
30 തിരുക്കുടുംബം
31 വർഷാവസാനം

---

## വിശ്വാസത്തിന്റെ വാതിൽ

വിശ്വാസത്തിന് സാക്ഷ്യം വഹിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് പാപ്പ പറയുമ്പോൾ എല്ലാ പ്രായത്തിലുമുള്ള സ്ത്രീ പുരുഷന്മാർ എല്ലാം ഉപേക്ഷിച്ച് തങ്ങളുടെ ജീവിതം കർത്താവിനായി കൊടുത്തു. എന്തുമാത്രം അനുഭവ സമ്പത്തുള്ളവർ, വിശ്വാസത്തിനുവേണ്ടി കർത്താവായ ഈശോയെ അനുഗമിക്കുന്നതിന്റെ സൗന്ദര്യം അവർ ഏറ്റുപറയുന്നു. അവർ ക്രിസ്ത്യാനിയായിരിക്കുന്നതിന്റെ സാക്ഷ്യം നൽകിക്കൊണ്ട് വിളിക്കപ്പെട്ടവരായി നിലകൊള്ളുന്നു. അത് കുടുംബത്തിൽ, തൊഴിൽ രംഗത്ത്, സാമൂഹിക ജീവിതത്തിൽ, വരദാനങ്ങളുടെ പരിശീലനത്തിൽ, വിളിക്കപ്പെട്ടവരുടെ ശുശ്രൂഷാനിർവ്വഹണത്തിൽ എല്ലാം സാക്ഷ്യം വഹിക്കുന്നവരായി മാറുന്നു. നമുക്കും ഈ വിശ്വാസ വർഷത്തിൽ വിശ്വസിക്കുന്നതിന്റെ സന്തോഷവും വിശ്വാസം കൈമാറുന്നതിന്റെ ആവേശവും വീണ്ടും കണ്ടെത്തുന്നതിനായി പരിശ്രമിക്കാം. അതുവഴി വി. ഗ്രന്ഥം സാക്ഷ്യപ്പെടുത്തുന്നതുപോലെ ''വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്നും ജീവജലത്തിന്റെ അരുവികൾ പുറപ്പെടും.''

**സി. ജയ്നമ്മ ചെമ്പാനിക്കൽ**

# ആ സ്നേഹതീരത്ത് വീണ്ടുമൊരു ക്രിസ്തുമസ്സ്

ജോബി ജോസഫ്

നഗരം വീണ്ടുമൊരു ക്രിസ്തുമസ്സിന് ഒരുങ്ങുകയാണ്. ഒഴുകി തിമർക്കുന്ന ഹുഗ്ലി നദിയുടെ തീരങ്ങൾക്കുപോലും ഒരുപാട് കഥ പറയാനുള്ള, മഞ്ഞ് വീഴുന്ന ഒരു ഡിസംബർ വീണ്ടും വരുന്നു. ചീറിപ്പായുന്ന വാഹനങ്ങളും, ജീവിതത്തിന്റെ ഭാരം പേറി ഓടുന്ന മനുഷ്യജീവിതങ്ങളും ആ നഗരത്തിന്റെ തുടിപ്പായി മാറുന്നു. മഹാൻമാർ ജീവിച്ച് മരിച്ച ആ നഗരത്തെ തഴുകി ഉറക്കാൻ എത്തുന്ന ഇളം കാറ്റ് ടാഗോറിന്റെ കവിതപോലെ സുന്ദരമായിരുന്നു.

തങ്ങൾക്കുവേണ്ടി മാത്രം കരുതിയ സമ്മാനപൊതികളുമായി വർണ്ണതേരിൽ വീണ്ടും അഗതികളുടെ അമ്മ വരുമെന്ന് വിശ്വസിക്കുന്ന കുറെ പാവം മനുഷ്യർ കൊൽക്കൊത്തയുടെ തിരക്കൊഴിഞ്ഞ ആ അഗതിമന്ദിരത്തിൽ മദർ വരുമെന്ന് മനസ്സിൽ മന്ത്രിച്ച് അവർക്കായി കാത്തിരിക്കുന്നു.

ക്രിസ്തുമസ്സ് അവർക്ക് വലിയ പ്രത്യാശയായി മാറിയത് 'കനിവിന്റെ അമ്മ' അവരുടെ മനസ്സിന്റെ ക്യാൻവാസിൽ വരച്ച് കൊടുത്ത ദൈവസ്നേഹത്തിന്റെ ഊഷ്മളമായ ഭാവ പകർച്ചകളിലാണ്. ആ അമ്മയുടെ കൈതലങ്ങളിൽ തലചായിച്ച് ഉറങ്ങിയപ്പോൾ അവരുടെ ദു:ഖങ്ങളും വേദനകളും ആ അമ്മ ഒപ്പിയെടുത്തതിന്റെ നനവ് അവരറിഞ്ഞു.

അഴുക്ക് ചാലിൽ നിന്ന് അവരെ വാരിയെടുത്ത് അവരുടെ വ്രണങ്ങൾ വെച്ചുകെട്ടിയപ്പോൾ സ്നേഹത്തോടെ മദർ മന്ത്രിച്ചു "മകനെനിന്നിൽ ഞാൻ എന്റെ യേശുവിന്റെ മുഖം കാണുന്നു" അപരനിൽ സ്നേഹമായി, കരുണയായി യേശുവിന്റെ ഭാവങ്ങൾ കണ്ട മദറിന് പിന്നീട് ജീവിതം യേശുവിനെകണ്ടുമുട്ടുന്ന ക്രിസ്തുമസ്സ് അനുഭവമായി മാറി, എന്നും എന്നും.

പണ്ട് എന്നോ അമ്മ കൊടുത്ത സമ്മാനപൊതികൾ മാറോട് ചേർത്ത് കുറെ അഗതികൾ അവർക്കായി സ്നേഹതീരത്ത് ഇന്നും കാത്തിരിക്കുകയാണ്. നിറയെ സ്നേഹത്തിന്റെ മുത്തുമണികൾ സമ്മാനിച്ച വീണ്ടുമൊരു മൃദു സ്പർശമായി, ദൈവത്തിന്റെ കരസ്പർശമായി മദർ വരുമെന്ന് അവർ കാത്തിരിക്കുന്നു. ക്രിസ്തീയ സ്നേഹത്തിന്റെ ജീവിതമാതൃകയായി, സഹോദരങ്ങളുടെ വേദനയും ദു:ഖവും സ്വന്തമായി കരുതി അവർക്കായി ജീവിച്ച 'പാവങ്ങളുടെ അമ്മ' ദൈവം ലോകത്തിന് നൽകിയ വലിയ സ്നേഹസമ്മാനമാണ് എന്ന് അവർ വിശ്വസിക്കുന്നു... അവർക്കൊപ്പം ഈ ലോകവും.

താൻ ഏറെ സ്നേഹിച്ച യേശുവിനെകുറെ പാവം മനുഷ്യരുടെ സ്നേഹപൂൽക്കൂട്ടിൽ സമ്മാനിച്ച് ആ മദർ കടന്നുപോയപ്പോൾ ഹൂഗ്ലിനദിപോലും വിതുമ്പുകയായിരുന്നു. ദൂരെ ദൂരെ... മലകളും കുന്നുകളും നിറഞ്ഞ സുന്ദരമായ തന്റെ രാജ്യം വിട്ട് തന്നെ ഒരുപാട് സ്നേഹിക്കുന്ന മാതാപിതാക്കളെ വിട്ട് ആ പ്രേഷിത പട്ടിണിപ്പാവങ്ങളുടെ ഈ നാടിനെസ്നേഹം കൊണ്ട് നിറച്ചത് എനിക്കും നിങ്ങൾക്കും ക്രിസ്തീയ സ്നേഹത്തിന്റെ മാർഗ്ഗദീപമായി, ഒരു ക്രിസ്തുമസ്സ് അനുഭവമായി മാറാൻ വേണ്ടിയാണ്.





ജപമാല തികച്ചും മരിയ ഭക്തിയുടെ ആടയാളമാണെങ്കിലും ക്രിസ്തുകേന്ദ്രീകൃതമായ പ്രാർത്ഥനയാണ് ക്രിസ്തു രഹസ്യങ്ങളാണ്, അതായത് ഈശോയുടെ ജനനം മുതൽ ഉത്ഥാനം വരെയുള്ള രഹസ്യങ്ങളാണ് ജപമാലയിൽ നാം ധ്യാനവിഷയമാക്കുന്നത്. ജോൺ പോൾ 2-ാമൻ മാർപാപ്പ ജപമാല വർഷത്തിൽ (2002-2003) പുറത്തിറക്കിയ കാതോലിക്ക ലേഖനത്തിൽ ഇപ്രകാരം പറയുന്നു. ''കൊന്ത ചൊല്ലുന്ന ക്രൈസ്തവർ മാതാവിന്റെ ആദ്ധ്യാത്മിക ശിക്ഷണ പഠനക്കളരിയിലിരുന്ന് ക്രിസ്തുവിന്റെ തിരുമുഖത്തെക്കുറിച്ച് ധ്യാനിക്കുകയും അവിടുത്തെ സ്നേഹം അനുഭവിക്കുകയും ചെയ്യുകയാണെന്ന്'' ഇവിടെ ജപമാല ക്രിസ്തു കേന്ദ്രീകൃതമായ പ്രാർത്ഥനയാണെന്ന് അദ്ദേഹം ഉറപ്പിച്ച് പറയുകയാണ്. ജപമാല വർഷത്തിലാണ് ജോൺപോൾ രണ്ടാമൻ മാർപാപ്പ പ്രകാശത്തിന്റെ രഹസ്യം കൂടി ജപമാലയിൽ ഉൾപ്പെടുത്തിയത്. താബോർ മലയിൽ വച്ച് രൂപാന്തരപ്പെട്ട ഈശോയുടെ പ്രകാശപൂരിതമായ മുഖത്തെക്കുറിച്ച് ധ്യാനിക്കുക ഓരോ ക്രൈസ്തവന്റെയും കടമയാണ്. ഈ ധ്യാനം ത്രിത്വൈക ജീവിതത്തിലുള്ള ഭാഗഭാഗിത്ത്വത്തിലേക്ക് നമ്മെ നയിക്കും. ഈ ധ്യാനത്തിന്റെ പരമോന്നത മാതൃക പരി. അമ്മയാണ് ഈശോയുടെ തിരുമുഖം ഒരു പ്രത്യേക തലത്തിൽ മറിയത്തിന്റേതുകൂടിയാണ്. കർത്താവിന്റെ തിരുമുഖത്തെക്കുറിച്ച് ഇത്ര വ്യക്തമായും പൂർണ്ണമായും ധ്യാനിക്കുവാൻ മറിയത്തിനല്ലാതെ മറ്റാർക്കും കഴിഞ്ഞിട്ടില്ല. കാരണം അവിടുന്നുത്ഭവിച്ചത് അവളുടെ ഉദരത്തിലാണല്ലോ. ഈശോയെക്കുറിച്ചുള്ള സജീവ ഓർമ്മകൾ അവളുടെ ഹൃദയത്തിലുണ്ടായിരുന്നു. ഈ ഓർമ്മകളാണ് മറിയം ചൊല്ലിയിരുന്ന കൊന്ത. ലെയോ 13-ാം പാപ്പ പറഞ്ഞിട്ടുണ്ട്. ''സമൂഹത്തെ ബാധിച്ചിരുക്കുന്ന തിന്മയുടെ ശക്തിക്കെതിരെയുള്ള ഫലവത്തായ ആയുധമാണ് ജപമാലയെന്ന്''. അതുപോലെ പീയൂസ് 9-ാം പാപ്പ പറയുകയുണ്ടായി ''ഈ വത്തിക്കാൻ കൊട്ടാരം മുഴുവനും പരിശോധിച്ചാലും ജപമാലയെക്കാൾ വലിയ വിലയേറിയ നിക്ഷേപം അഥവാ നിധി കണ്ടെത്തുക സാദ്ധ്യമല്ലയെന്ന്.''

എന്നാൽ ജപമാലയുടെ പ്രാധാന്യത്തെക്കുറിച്ച് പല വാദപ്രതിവാദങ്ങളും നാം കേൾക്കാറുണ്ട്. അവയിൽ പ്രധാനപ്പെട്ട ഒന്നാണ്. വി. കുർബാനയെക്കാൾ പ്രാധാന്യം ജപമാലക്കുണ്ടോയെന്നത്? ഒരിക്കലുമില്ല. കാരണം ക്രൈസ്തവരെന്ന നിലയിൽ നമ്മുടെ ജീവിതത്തിന്റെ കേന്ദ്രം വി. കുർബാനയായിരിക്കണമെന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ വ്യക്തമായി പറഞ്ഞുവച്ചിട്ടുണ്ട്. ഇവിടെ ഒരു കാര്യം നാം മനസ്സിലാക്കണം കൊന്ത നമസ്കാരം ആരാധനാ ക്രമത്തിന് ഒരിക്കലും വിരുദ്ധമല്ല. മറിച്ച് ബലിയർപ്പണത്തിനുള്ള നല്ലൊരാമുഖവും ബലിയുടെ ചൈതന്യം നിലനിർത്തുവാനുള്ള നല്ലൊരുപാധിയുമാണിതെന്ന്. പൂർണ്ണമായും ആന്തരികമായും വി. ബലിയിൽ പങ്കെടുക്കുവാനും അനുദിനജീവിതത്തിൽ അതിന്റെ ഫലങ്ങൾ നിലനിർത്തുവാനും ജപമാല നമ്മെ സഹായിക്കും.

ആവർത്തന പ്രാധാന്യമുള്ള പ്രാർത്ഥനയാണ് ജപമാല. നന്മ നിറഞ്ഞ മറിയമേ എന്ന പ്രാർത്ഥന നാം

ആവർത്തിക്കുമ്പോൾ അത് വിരസതയായി കാണാതെ ദൈവത്തിൽ നിന്ന് നിരന്തരമായി നമ്മിലേക്ക് പ്രവഹിക്കുന്ന സ്നേഹത്തിന്റെ ആവർത്തിച്ചുള്ള വെളിപ്പെടുത്തലായി സ്വീകരിക്കുവാൻ നമുക്ക് കഴിയണം. അതോടൊപ്പം ജപമാലയിലെ ഓരോ മുത്തുമണികളും പിറകോട്ടുരുട്ടുമ്പോൾ നമ്മുടെ സ്വഭാവത്തിലെ ഏതെങ്കിലും തിന്മയുടെ വശങ്ങളെ, തഴക്ക ദോഷങ്ങളെ ദുഷ്ചിന്തകളേ ഇല്ലായ്മ ചെയ്യാനുള്ള അനുഗ്രഹം പരി. അമ്മയോട് നാം യാചിക്കണം.

ജപമാല ഒരു തീർത്ഥാടനമാണ്. നമ്മുടെ ഹൃദയത്തിലും, ബുദ്ധിയിലും ചിന്തയിലും അറിവിലും ഉറഞ്ഞുകൂടിയിരിക്കുന്ന ഈശോയുടെ സ്നേഹത്തിലേയ്ക്കുള്ള തീർത്ഥാടനം. ഈ തീർത്ഥാടനത്തിന് സന്തോഷത്തിന്റെയും വേദനയുടെയും മഹത്ത്വത്തിന്റെയും പ്രകാശത്തിന്റെയും കഥ പറയാനാണ് ജീവിതത്തിന്റെ ഈ കഥ പറഞ്ഞും കേട്ടും കൊണ്ടാണ് നാം ഈ തീർത്ഥാടനം നടത്തുന്നത്. ഈ തീർത്ഥാടനത്തിന് പോകുന്നതെന്തിനാണെന്ന് നമുക്കറിയാമെങ്കിലും ശ്രദ്ധ പതറിപോകും എന്നാൽ ഓരോ തീർത്ഥാടനവും നമ്മുടെ ഉള്ളിന്റെ ഉള്ളിൽ മാറ്റം വരുത്തണം. അങ്ങനെ അനുദിന ജീവിതത്തിലെ എല്ലാ കെട്ടുപാടുകളെയും ഭാരങ്ങളെയും ഇറക്കി വയ്ക്കാനുള്ള ചുമടു താണ്ടിയാകണം നാം അർപ്പിക്കുന്ന ജപമാല.

മുത്തുമണികൾ കൂട്ടിയിണക്കിയാലേ കൊന്തയാകൂ. കെട്ടപ്പെട്ട കുരുക്കളിലൂടെയേ കൈകൾ യഥേഷ്ടം ഓടുകയുള്ളു. നാം അർപ്പിക്കുന്ന ഓരോ ജപമാലയും നമ്മുടെ കുടുംബങ്ങളെ തമ്മിൽ ഒന്നിപ്പിക്കുന്നതാകണം. കുടുംബാംഗങ്ങളെ തമ്മിൽ കൂട്ടിയിണക്കുന്നതാകണം. മനുഷ്യ ബന്ധങ്ങളെ അടുപ്പിക്കുന്നതാകണം കെട്ടപ്പെട്ട കൊന്തയിലെ എല്ലാ കുരുക്കളിലും നമുക്ക് തൊടാതിരിക്കാനാവില്ല. അങ്ങനെ ഫാദർ പെയ്റ്ററൺന്റെ മുദ്രാവാക്യമായ ''ഒന്നിച്ച് പ്രാർത്ഥിക്കുന്ന കുടുംബം ഒന്നിച്ച് നിലനിൽക്കും'' എന്ന ആശയം നമ്മുടെ ജീവിതത്തിൽ നമ്മുടെ കുടുംബങ്ങളിൽ നമുക്ക് പ്രാവർത്തികമാക്കാം.

**Funny questions : Answer :**

1) Concrete floors are very hard to crack.
2) It is not a problem, since you will never find an elephant with one hand.
3) No problem, he sleeps at night.
4) It will wet or sink as simple as that
5) The other half
6) Lunch
7) It caused a revolution
8) Liquid
9) It depends on the size of the bucket.
10) An invention to bring an end to all inventions.





സൗന്ദര്യവും ധ്യാനിക്കുന്നതിൽ നിന്ന് ഒത്തിരി ജനങ്ങളെ ഈ കാലഘട്ടം പിൻതിരിപ്പിക്കുന്നു. ഈ പ്രതിസന്ധി കാലഘട്ടത്തിൽ വിശ്വാസത്തെ പുറത്തുകൊണ്ടുവരാൻ വിശ്വാസവർഷം കാരണമായിത്തീരട്ടെ. മുകളിൽ സൂചിപ്പിച്ചതുപോലെ ദാനമാണ് എന്ന പ്രത്യേകത വിശ്വാസത്തിനുള്ളതിനാൽ വിശ്വാസാരംഭത്തിൽ മനുഷ്യന് അത് കീഴടക്കാനാവില്ല. വിശ്വാസത്തിന്റെ വാതിൽ ദൈവവുമായിട്ടുള്ള ഐക്യത്തിന്റെ ജീവിതത്തിലേക്കും സഭയുടെ പ്രവേശന കവാടത്തിലേക്കും ഒരുവനെ നയിക്കുന്നു. ഈ വാതിൽ എപ്പോഴും നമുക്കുവേണ്ടി തുറന്നതുമാണ്.

വിശ്വാസവർഷാചരണത്തിന്റെ ഉദ്ദേശ്യം കർത്താവായ ഈശോമിശിഹായിലേക്കു തിരിച്ചുപോകുകയെന്നതും വിശ്വാസം വീണ്ടും കണ്ടെത്തുകയെന്നതുമാണ്. അങ്ങനെ സഭാംഗങ്ങൾ ഇന്നത്തെ ലോകത്തിൽ ഉത്ഥിതനായ കർത്താവിനു വിശ്വസ്തരും സന്തോഷഭരിതരുമായ സാക്ഷികളാകാനാണ് വിശ്വാസത്തിന്റെ വാതിൽ തേടുന്ന അനേകരെ അതിലേക്കു നയിക്കാൻ സഭാംഗങ്ങൾ ശക്തരാകാനുള്ളതുമാണ്. ഈ 'വാതിൽ' ഈശോ മിശിഹായെ കാണാൻ മലർക്കെ തുറക്കുന്നു അവിടുന്ന് നമ്മുടെ ഇടയിൽ സന്നിഹിതനാണ്. ലോകാവസാനം വരെ എപ്പോഴും സന്നിഹിതനാണ്. (മത്താ 28:20)

വിശ്വാസവർഷം ''കൃപാവരത്തിന്റെ സമയം'' ആണ്. ഞാൻ ആരെ വിശ്വസിക്കുന്നുവോ അവനെ ഞാൻ അറിയും'' (2 തിമോ 1/12) ഇത് ദൈവത്തോടുള്ള മനുഷ്യന്റെ വ്യക്തിപരമായ ഒട്ടിച്ചേരലും ദൈവം വെളിപ്പെടുത്തിയ മുഴുവൻ സത്യത്തോടുള്ള സ്വതന്ത്രമായ സമ്മതം മൂളലുമാണ്. ഒപ്പം കർത്താവിലേയ്ക്കുള്ള ആത്മാർത്ഥവും നവീകൃതവുമായ മാനസാന്തരത്തിനുള്ള വിളിയാണ് വിശ്വാസവർഷം. നവസുവിശേഷവത്കരണത്തിനുള്ള കൂടുതൽ ശക്തമായ സഭാത്മക സമർപ്പണം ഇന്ന് ആവശ്യമാണ്.

വിശ്വസിക്കുന്നതിന്റെ സന്തോഷവും, വിശ്വാസം കൈമാറുന്നതിനുള്ള ആവേശവും വീണ്ടും കണ്ടെത്താനാണ്. വിശ്വാസം സ്വീകരിക്കപ്പെട്ട സ്നേഹത്തിന്റെ അനുഭവമായി ജീവിക്കണം. കൃപയുടെയും, സന്തോഷത്തിന്റെയും അനുഭവമായി കൈമാറണം. അങ്ങനെയായാൽ വിശ്വാസം വളരുന്നു. യഥാർത്ഥത്തിൽ കർത്താവിന്റെ വചനത്തോടു ഒട്ടിച്ചേരാനും അവിടുത്തെ ശിഷ്യരാകാനും വേണ്ടി കർത്താവ് നൽകുന്ന ക്ഷണത്തോട് പ്രത്യുത്തരിക്കുന്നതിനുവേണ്ടി ശ്രമിക്കുന്നവരുടെ ഹൃദയങ്ങളും മനസ്സുകളും തുറക്കുന്നു.

ക്രൈസ്തവന് വിശ്വസിക്കുക എന്നത് ഒരു സ്വകാര്യ കർമ്മമായി ഒരിക്കലും ചിന്തിക്കാൻ പോലും സാധിക്കുകയില്ല മറിച്ച് കർത്താവിനോടൊപ്പം നിൽക്കാൻ തീരുമാനിക്കലാണ് വിശ്വാസം. വിശ്വാസത്തിന്റെ ഏറ്റുപറച്ചിൽ സമൂഹപരവും വ്യക്തിപരവുമായ ഒന്നിച്ചുള്ള ഒരു പ്രവർത്തിയാണ്. വിശ്വസിക്കൽ സ്വതന്ത്രമായ ഒരു പ്രവർത്തിയാണ് അതുകൊണ്ട് ഒരുവൻ വിശ്വസിക്കുന്നതിനെ സംബന്ധിച്ച് സാമൂഹികമായ് ഉത്തരവാദിത്വമുണ്ടായിരിക്കണം. കാരണം ദൈവം വെളിപ്പെടുത്തിയ രക്ഷാകരരഹസ്യത്തിന്റെ പൂർണതയിലേക്കു പ്രവേശിക്കുവാനുള്ള വാതിൽ വിശ്വാസത്തെക്കുറിച്ചുള്ള അറിവ് തുറന്നുതരുന്നു.

contd... on page no.43

# വിശ്വാസത്തിന്റെ വാതിൽ

‘‘വിശ്വാസത്തിന്റെ വാതിൽ’’ (PORTA FIDEI) എന്ന അപ്പസ്തോലിക ലേഖനം വഴി ബനഡിക്ട് പതിനാറാമൻ മാർപാപ്പാ 2012 ഒക്ടോബർ 11-ാം തീയതി മുതൽ 2013 നവംബർ 24 തീയതി വരെയുള്ള കാലഘട്ടത്തെ വിശ്വാസവർഷമായി പ്രഖ്യാപിച്ചിരിക്കുന്നു എന്ന വസ്തുത ഏറെ സന്തോഷം നൽകുന്ന ഒരു കാര്യമാണ്. ഒപ്പം ഈ വിശ്വാസവർഷത്തിന് കൂടുതൽ തിളക്കം നൽകുന്ന മൂന്ന് പ്രധാന സംഭവങ്ങളാണ് രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ 50-ാം വാർഷികവും Catechism of the Catholic Church എന്ന മതബോധന ഗ്രന്ഥത്തിന്റെ 20-ാം വർഷവും നവ സുവിശേഷവത്കരണത്തിന്റെ പശ്ചാത്തലവും അനുസ്മരിക്കുന്നത്. നമ്മുടെ വിശ്വാസത്തെക്കുറിച്ച് ആഴമായി ചിന്തിക്കുവാനും വിശ്വാസത്തിൽ വേരൂന്നി വളരുവാനും തിക്ഷ്ണതയോടുകൂടി മറ്റുള്ളവരുമായി വിശ്വാസം പങ്കുവയ്ക്കുവാനും ഈ വിശ്വാസവർഷം നമ്മെ ക്ഷണിക്കുന്നു.

അപ്പസ്തോല പ്രവർത്തനം 14/27ൽ അന്ത്യോക്യായിൽ വിജാതിയർക്ക് വിശ്വാസത്തിന്റെ വാതിൽ തുറന്നു കൊടുത്ത സംഭവം നാം വായിക്കുന്നു. നമ്മുടെയും സുവിശേഷ പ്രഘോഷണത്തിന്റെ ലക്ഷ്യം വിശ്വാസത്തിന്റെ വാതിൽ തുറന്നു കൊടുക്കുക എന്നതാണ്. എന്തിലേയ്ക്കാണ് ഈ വാതിൽ തുറക്കേണ്ടത്? ദൈവവുമായുള്ള കൂട്ടായ്മയിലേക്കും സഭയുമായുള്ള ഐക്യത്തിലേക്കുമാണ് എന്നതിൽ സംശയമില്ല. ത്രിത്വക്കൂട്ടായ്മയിലേക്ക് പ്രവേശിച്ചവരുടെ സമൂഹമാണല്ലോ സഭ. സഭയിൽ ക്രൈസ്തവരായ നമ്മുടെ വ്വാതിൽ തുറക്കപ്പെട്ടത് മാമ്മോദീസായിലാണ്. ഇനി ഈ വാതിൽ അടയ്ക്കപ്പെടുക മരണത്തിലൂടെയുമാണ്. മാമ്മോദീസ സ്വീകരിച്ച ഓരോരുത്തരും വിശ്വാസത്തിന്റെ നന്ദി അവന്റെ യഥാർത്ഥ ഭവനമായ സഭയിൽ അനുഭവിക്കുന്നു. അത് ഒരുവന്റെ ദാനങ്ങളോടും കടമകളോടും കൂടെ പ്രാദേശിക സഭയിൽ സുവിശേഷ പ്രഘോഷണം എന്ന വിളിയിൽ പങ്കുചേരാൻ വേണ്ടിയാണ്. ഇന്നത്തെ ലോകത്തിന്റെ പുതിയ ആവശ്യങ്ങളിലേയ്ക്ക് ശരിയായി പ്രത്യുത്തരിക്കുന്നതിനു വേണ്ടിയാണ് അതിനാൽ പാപ്പാ തന്നോടു തന്നെയും എല്ലാവരോടുമായും പറയുന്നു വിശ്വാസത്തിൽ നിന്നും വീണ്ടും പുറപ്പെടുക.

മനുഷ്യ ജീവിതത്തിലെ ദൈവത്തിന്റെ കൃപയുടെ സ്ഥാനം “വിശ്വാസ വാതിലിൽ” ബെനഡിക്ട് പാപ്പാ അടിവരയിട്ടു പറയുന്നു. അതായത് ദൈവവുമായുള്ള മനുഷ്യന്റെ ഒത്തുചേരൽ, കുമുട്ടൽ ആഴപ്പെടുത്തുക. ഓരോ ക്രിസ്ത്യാനിയും വിശ്വാസത്തിൽ വളർന്ന് ദൈവത്തിന്റെ സ്നേഹത്തിൽ നിന്നും ലഭിച്ച ദാനമായ വിശ്വാസത്തെ സഭയിലൂടെ വളർത്തുക. വിശ്വാസമെന്ന വലിയ സമ്പത്ത് നമുക്കുണ്ട് അത് നമുക്ക് ഉപയോഗിക്കാം. ആ വിശ്വാസം നാം കൈമാറ്റം ചെയ്യണം. വിശ്വാസം ഒരു ദാനമാണ്. ഓരോ ക്രൈസ്തവനെയും വീണ്ടും ജീവിക്കുവാനായി ഈ ദാനം ക്ഷണിക്കുന്നു. ഒരു വ്യക്തിയുടെ പുതിയ വീഥിയിലേയ്ക്കു വിശ്വാസമെന്ന ദാനം നയിക്കട്ടെ. ക്രിസ്തുവിന്റെ പുതുമയും സുവിശേഷജീവിതത്തിന്റെ





# The Personality

**Fancis Thottunkal, St. John's Unit**

Human beings spread all over the world were first divided into races. These races were again divided later by the Faiths. The faiths stood as a unity factor. Faiths adopted different methods or worship.

The diversity is a principle of nature. Down the ages, at different stages, the man has shown his ability to divide and his power to unite. For both, the divide and to unite, he should bear certain qualities.

The word “social” is derived from the “society”. The society is a group of people. The social service is a noble profession when a man dedicates himself for it and carries out the same honestly and selflessly. The favouritism in a social organization is against the basic principle of that organization. If a man working in a social organization seeks profit out of his activities, it is nothing but business. Such kind of business has no social sanction in that organization and in such a way he breaks the ethics and thereby damages the personality in him and in such a social organization.

The “personality” is being misunderstood. If a man seems to be of fair, tall, fatty, handsome, good looking etc. he is treated to be of having a “personality”. This is not personality but “individuality”. This individuality cannot be the personality. If a man, whoever it may be, lives in the hearts of other men by admirable qualities such as honesty, hardworking and selfless service over the years. Even after his death he would be remembered based on the same, not because of his physical condition but the personality created. We have heard of great personalities, but we have not seen them physically and we do not know as to what was their physical condition. For example, Abraham Lincoln, who was physically an ugly looking person. He lives in our hearts not because of his physical condition, but because of his “personality”. There are innumerous examples as such.

Of course, a man's physical condition can influence the social / political organization, to some extent for some time. If this physical condition is the “personality”, after his death, he will not be remembered based on his physical condition that he was having at

*cont.... on page no.15*

# മദ്യപാനം അരുത്



**Fr.Xavier Khan Vattayil**

നിരവധി വ്യക്തികൾ മദ്യപാനം എന്ന പ്രവർത്തി ഒരു പാപമാണെന്ന് ഹൃദയത്തിൽ അംഗീകരിക്കുന്നില്ല. ബൈബിളിൽ മദ്യപാനം നിരോധിച്ചിട്ടുണ്ടോ? പലർക്കും സംശയമാണ്! മദ്യപാനം ഗൗരവകരമായ ഒരു പാപപ്രവൃത്തിയല്ലെന്ന് ധാരണ അനേകർ വച്ചു പുലർത്തുകയും തങ്ങളുടെ ധാരണയെ ന്യായീകരിക്കുവാനായി തിരുവചനത്തെ ദുരുപയോഗിക്കുകയും ചെയ്യുന്നു. വചനം നമ്മോട് എന്താണ് പറയുന്നത്?

**മദ്യപാനം അന്ധകാരത്തിന്റെ പ്രവൃത്തിയാണ് . ദൈവം അംഗീകരിക്കുന്നില്ല.**

റോമ 13:12 "രാത്രി കഴിയാറായി;. പകൽ സമീപിച്ചിരിക്കുന്നു. ആകയാൽ നമുക്ക് അന്ധകാരത്തിന്റെ പ്രവൃത്തികൾ പരിത്യജിച്ച് പ്രകാശത്തിന്റെ ആയുധങ്ങൾ ധരിക്കാം."

അന്ധകാരത്തിന്റെ പ്രവൃത്തികൾ പരിത്യജിക്കാൻ ദൈവാത്മാവ് ദൈവവചനത്തിലൂടെ ആവശ്യപ്പെടുന്നു. എന്തൊക്കെയാണ് അന്ധകാരത്തിന്റെ പ്രവൃത്തികൾ?

റോമ 13:13 "പകലിനു യോജിച്ച വിധം നമുക്ക് പെരുമാറാം. സുഖലോലുപതയിലോ മദ്യലഹരിയിലോ അവിഹിത വേഴ്ചകളിലോ വിഷയാസക്തിയിലോ കലഹങ്ങളിലോ അസൂയയിലോ നമുക്ക് വ്യാപരിക്കരുത്."

അവിഹിത വേഴ്ച പോലെ തന്നെ ഗൗരവമുള്ള അന്ധകാരത്തിന്റെ പ്രവർത്തിയെത്ര മദ്യപാനം!

**മദ്യപാനം ജഡത്തിന്റെ ദുരാശയാണ് . മദ്യത്തിൽ ദുരാസക്തിയുണ്ട്.**

മദ്യപിക്കുന്നവർ (ഏതെങ്കിലും തരത്തിലുള്ള ലഹരിപദാർത്ഥങ്ങൾ ഉപയോഗിക്കുന്നവർ) ജഡപ്രകാരമുള്ള ജീവിതത്തിന്റെ അടിമയാണ്. അവർ ദൈവരാജ്യം അവകാശപ്പെടുത്തുകയില്ലെന്ന് ബൈബിൾ അസന്നിഗ്ധമായി പഠിപ്പിക്കുന്നു.

ഗലാ : 5:19–21 "ജഡത്തിന്റെ വ്യാപാരങ്ങൾ എല്ലാവർക്കു മറിയാം അവ വ്യഭിചാരം, അശുദ്ധി ദുർവൃത്തി വിഗ്രാരാധന, ആഭിചാരം ശത്രുത, കലഹം, അസൂയ, കോപം, മാത്സര്യം, ഭിന്നത, വിഭാഗീയ ചിന്ത, വിദ്വേഷം മദ്യപാനം മദിരോത്സവം ഇവയും ഈദൃശമായ മറ്റു പ്രവൃത്തികളുമാണ്.





ഈ തിന്മയെ കീഴ്പ്പെടുത്താനാകൂ.

പരമ്പരാഗതമായി തിന്മയെ സ്വാഭാവിക തിന്മയെന്നും ധാർമ്മിക മായവയെന്നും വിളിക്കാറുണ്ട്. സ്വാഭാവികമായുണ്ടാകുന്ന തിന്മകൾ പ്രകൃതി ദുരന്തങ്ങളിലേക്കാണ് വിരൽ ചൂണ്ടുന്നത്. മനുഷ്യന്റെ നിയന്ത്രണത്തിനതീതമായതാണ് ഇവ. എന്നിരുന്നാലും മനുഷ്യകുലത്തിന്റെ നാശത്തിനു ഹേതുവാണിവ. അവ സ്വാഭാവികമായും പ്രപഞ്ചത്തിന്റെ ഭാഗമായതുകൊണ്ട് തിന്മയായി കരുതുവാനാവില്ല എന്നാണ് ചിലർ വാദിക്കുന്നത്. അവ ദുരന്തങ്ങൾ ഉണ്ടാക്കുന്നു. എങ്കിൽത്തന്നെയും അവ ബോധപൂർവ്വം സൃഷ്ടിക്കുന്നതല്ല. അത് മനുഷ്യരുടെ മേൽ ദുരന്തം വിതയ്ക്കുന്നതുകൊണ്ട് അവയെ തിന്മയെന്നു വിളിക്കുന്നവരുമുണ്ട്.

വ്യക്തിഗതതിന്മയെക്കാൾ സമൂഹത്തെ ദുരന്തപര്യവസായിയാക്കുന്നത് സാമൂഹിക തിന്മകളാണ്. അവ രാഷ്ട്രീയമേഖലയിലും സാമൂഹിക മേഖലയിലും മതപരമായ മേഖലയിലും ശക്തമായ സ്വാധീനം ചെലുത്തുന്ന തിന്മയുടെ സ്ഥിതിവിശേഷങ്ങളായി നിലകൊള്ളുന്നു. ജീവിതത്തിന്റെ എല്ലാ മേഖലകളിലും കൊടികുത്തിവാഴുന്ന തിന്മയുടെ ശക്തികൾ തന്നെയാണ് പൈശാചികശക്തിയായി ചിത്രീകരിക്കപ്പെടുന്നത്. തിന്മ ശക്തി പ്രാപിക്കുന്നിടത്ത് ദൈവകൃപ അംഗീകരിക്കുമെന്നതിനാൽ കുരിശിന്റെ വിജയവും ശക്തിയും തിന്മയുടെ പൈശാചികവഴികൾക്കു പ്രതിരോധമായി നിലനിൽക്കുന്നു.

ദൈവവചനത്തിന്റെയും ദൈവശാസ്ത്രത്തിന്റെയും അടിസ്ഥാനത്തിൽ നന്മയിൽ സൃഷ്ടിക്കപ്പെട്ടതും ദൈവത്തിൽ നിന്നകന്നു തിന്മ ചെയ്തു മനുഷ്യവർഗ്ഗത്തിന്റെ ശത്രുവായിത്തീരുകയും ചെയ്ത തിന്മയുടെ അരൂപിയായ പിശാച് ഒരു യാഥാർത്ഥ്യമാണ്. സൃഷ്ടിയുടെ ദൈവശാസ്ത്രത്തിലോ സഭയുടെ ഔദ്യോഗിക പഠനങ്ങളുടെയോ പ്രധാനപ്പെട്ട ഒരു വിഷയമായി പിശാചിനെ പരിഗണിക്കുന്നില്ല. പരമ്പരാഗതമായ സഭയുടെ പഠനമനുസരിച്ച് പിശാചിന്റെ പ്രവർത്തനം പ്രധാനമായും പാപത്തിലേക്കുള്ള പ്രലോഭനമായി നിലകൊള്ളുന്നു. എന്നാൽ ഒരു യഥാർത്ഥ ക്രൈസ്തവൻ തിന്മയുടെ യഥാർത്ഥശക്തിയെക്കുറിച്ചു ബോധ്യപ്പെട്ടുകൊണ്ട് പ്രാർത്ഥനയിലൂടെയും പരിത്യാഗപ്രവർത്തിയിലൂടെയും പിശാചിനെ നേരിടാൻ വേണ്ട ശക്തി സംഭരിക്കേണ്ടതാണ്. സ്നേഹത്തിന്റെയും നീതിയുടെയുമായ പ്രവൃത്തി ചെയ്തു കൊണ്ട് ക്രിസ്തുനാഥന്റെയും പരിശുദ്ധാത്മാവിന്റെയും ശക്തിയിലാശ്രയിച്ചുകൊണ്ട് പിശാചിനെ കീഴ്പ്പെടുത്താൻ സാധിക്കും. തിന്മയിലേക്കുള്ള പ്രവണത മനുഷ്യനിലുണ്ട്. എന്നാൽ തിന്മ പ്രവർത്തിക്കുവാനുള്ള പ്രലോഭനം പിശാചിൽ നിന്നാണെങ്കിലും അതൊരിക്കലും വിജയം പ്രാപിക്കുകയില്ല. തിന്മയുടെ മേൽ വിജയം നേടിയവനാണ് ക്രിസ്തുനാഥൻ. അവിടുന്ന് എല്ലാമറിയുകയും തിന്മയുടെ വഴികൾ നന്മയിലേക്കുള്ള അവസരമാക്കി മാറ്റാൻ തന്റെ ആത്മാവിനെ നൽകിക്കൊണ്ട് സർവ്വത്തിനും അധിപനായി വാഴുകയും ചെയ്യുന്നു.

(കടപ്പാട് :മതവും ചിന്തയും - ജൂലൈ -ആഗസ്റ്റ് 2012)

ങ്ങൾ ജീവിതത്തിന്റെ എല്ലാ തുറകളിലും കണ്ടെത്താനും സാമൂഹിക രാഷ്ട്രീയ മതമണ്ഡലങ്ങളിലോ പാപത്തിന്റെ ശക്തമായ സ്വാധീനമായി അത് നിലനിൽക്കുന്നു.

**പിശാചും പ്രലോഭനവും**

ലോകത്തിൽ കാണുന്ന തിന്മകളും കഷ്ടപ്പാടുകളും എങ്ങനെയാണുണ്ടാകുന്നതെന്ന് വ്യക്തമായി നിർണ്ണയിച്ചു പറയുക എളുപ്പമല്ല. പിശാചിൽ എല്ലാം ആരോപിക്കുന്ന രീതി പൊതുവെ ബൈബിളിൽ കാണുന്നില്ല ദൈവത്തിന്റെ പദ്ധതികളും ലക്ഷ്യവും യാഥാർത്ഥ്യമാക്കാൻ വേണ്ടി ദൈവം അറിഞ്ഞു നല്കുന്ന ശിക്ഷണരീതിയായാണ് തിന്മകളെ പൊതുവെ കാണുന്നത്. സാത്താൻ എന്നത് പ്രലോഭനത്തിന്റെ ബാഹ്യവല്ക്കരിക്കപ്പെട്ട യാഥാർത്ഥ്യവുമായി ബന്ധപ്പെട്ടിരിക്കുന്നു. തിന്മ ചെയ്യാനുള്ള സാഹചര്യം ഉണ്ടാകുമ്പോൾ എളുപ്പം ആരോപിക്കാവുന്ന ഒന്നാണ് പിശാച്. പിശാചിന്റെ മേൽ ഉത്തരവാദിത്വം ഏല്പിച്ചാൽ ഒരു പരിധിവരെ തിന്മ പ്രവർത്തിക്കുന്ന വ്യക്തിക്ക് തന്റെ ഉത്തരവാദിത്വത്തിൽ നിന്നും രക്ഷപ്പെടാനാവും.

ശരിയായ പ്രലോഭനം നടക്കുന്നത് മനുഷ്യന്റെ ഉള്ളിൽ തന്നെയാണ്. മനസാക്ഷിയുടെ പ്രവർത്തനങ്ങളെ ബാഹ്യമായ ഒരു ശക്തിയുമായി താദാത്മ്യപ്പെടുത്തുന്നത് ദുഷ്കരമാണ്. നിഴലായും ദൈവത്തിന്റെതന്നെ രണ്ടാമതൊരു ഭാഗമായും പരിഗണിക്കാറുണ്ട്. സംഭവിക്കുന്ന തിന്മകളും അതുമായി ബന്ധപ്പെട്ട തിന്മകളും ദൈവത്തിൽ നിന്നും നേരിട്ടു വരുന്നു എന്നു പറയുവാനുള്ള പ്രയാസം കൊണ്ടാണ് പിശാചിന്റെ മേൽ അവ ആരോപിക്കുന്നത് എന്നു പറയാം. പേർഷ്യൻ മതമായ സൊരാഷ്ട്രിയനിസത്തിന്റെ ആവിർഭാവത്തോടെയാണ് പിശാചിലുള്ള വിശ്വാസം ശക്തിപ്രാപിച്ചത്. മനുഷ്യനിലുള്ള തിന്മയുടെ ഭാവത്തെ സാത്താനെന്നും നന്മയുടെ ഭാവത്തെ ദൈവമെന്നും വിളിക്കുന്ന പ്രവണതയാണ് സാധാരണയായി കണ്ടുവരുന്നത്. ദൈവത്തിനു താഴെയുള്ള ഒരു പ്രാപഞ്ചിക ശക്തി നിലകൊള്ളുന്നു. ഈ ശക്തിയാകട്ടെ തിന്മ അംഗീകരിക്കുകയും തിന്മയിലേക്കു നയിക്കുകയും ചെയ്യുന്നു.

അതിൽത്തന്നെ അതായി അതിന്റെ മാത്രം തത്ത്വത്തിന്റെയടിസ്ഥാനത്തിൽ നിലനിൽക്കുന്ന ശക്തിയാണ് തിന്മ. പ്രകൃതിയിലും മനുഷ്യനിലും പ്രവർത്തനനിരതമായി നിൽക്കുന്ന ഒന്നാണിത്. ഇത് ദൈവത്തിനു സമാന്തരമായി നിലനിൽക്കുന്ന ഒന്നല്ല. ദൈവത്തിന്റെ സൃഷ്ടിയിൽത്തന്നെയുള്ള ഒന്നാണ് അത് വിദ്വേഷവും വൈരാഗ്യവും മനുഷ്യരിൽ സൃഷ്ടിക്കുന്നു. സാത്താൻ എന്നത് ഒരു തലമുറയിൽ നിന്നും മറ്റൊരു തലമുറയിലേക്കു കൈമാറ്റം ചെയ്യപ്പെട്ട സാമൂഹികതിന്മയുടെ വ്യക്തിഗതരൂപമാണ്. എല്ലാ സംസ്കാരങ്ങളിലും നിലനിൽക്കുന്ന ഒന്നാണിത്. മനുഷ്യൻ ജനിക്കുന്നതിനു മുൻപേ തിന്മ നിലനിൽക്കുന്നതിനാൽ പൊതുവായി നിലകൊള്ളുന്ന തിന്മയുടെ വ്യക്തിഗതരൂപമായ സാത്താൻ ചരിത്രപാപവുമായി ബന്ധപ്പെട്ടിരിക്കുന്ന എല്ലാവരെയും ശക്തമായി സ്വാധീനിക്കുവാനും പോന്നതായി ബലപ്പെട്ടിരിക്കുന്നു. എല്ലാ സംസ്ക്കാരങ്ങളിലും ദേശങ്ങളിലും ഉൾച്ചേർന്നിരിക്കുന്നതിനാൽ ജീവിതത്തെക്കാൾ വലിയ ശക്തിയായി കരുതപ്പെടുകയും അനുഭവപ്പെടുകയും ചെയ്യുന്നു. ദൈവകൃപയാൽ മാത്രമേ





ഇത്തരം പ്രവർത്തികളിലേപ്പെടുന്നവർ ദൈവരാജ്യം അവകാശപ്പെടുകയില്ലയെന്ന് മുമ്പു ഞാൻ നിങ്ങൾക്കു നൽകിയ താക്കീത് ഇപ്പോഴും ആവർത്തിക്കുന്നു. ”

റോമ 8:7–8 “ജഡിക താൽപര്യങ്ങളിൽ മുഴുകിയിരിക്കുന്ന മനസ്സ് ദൈവരാജ്യത്തിന്റെ ശത്രുവാണ്. അതു ദൈവത്തിന്റെ നിയമത്തിനു കീഴ്പ്പെടുന്നില്ല. കീഴ്പ്പെടാൻ അതിനു സാധിക്കുകയില്ല. ജഡിക പ്രവണതകളനുസരിച്ചു ജീവിക്കുന്നവർക്കു ദൈവത്തെ പ്രസാദിപ്പിക്കുക സാധ്യമല്ല.”

എഫേ 5:18 “നിങ്ങൾ വീഞ്ഞു കുടിച്ച് ഉൻമത്തരാകരുത് അതിൽ ദുരാസക്തിയുണ്ട്.”

1 യോഹ 2:16 “എന്തെന്നാൽ ജഡത്തിന്റെ ദുരാശ, കണ്ണുകളുടെ ദുരാശ, ജീവിതത്തിന്റെ അഹന്ത ഇങ്ങനെ ലോകത്തിലൂള്ളതൊന്നും പിതാവിന്റേതല്ല പ്രത്യുത ലോകത്തിന്റേതാണ്.”

അനേകർക്ക് തെറ്റായ ഒരു ബോധ്യമുണ്ട് – ഈ ഭൂമിയിലുള്ളതെല്ലാം ദൈവമക്കൾക്ക് ആസ്വദിക്കാൻ വേണ്ടി ദൈവം സൃഷ്ടിച്ചിട്ടുള്ളതാണ്. അതുകൊണ്ട് മദ്യം കഞ്ചാവ് മയക്കുമരുന്ന് തുടങ്ങിയവ ഉപയോഗിക്കുന്നതിൽ വചന വിപരീതമായി ഒന്നും തന്നെയില്ല.

തെറ്റായ ബോധ്യമാണ് ലോകത്തിലുള്ള ദുരാസക്തികൾ ആസ്വദിക്കാൻ പിതാവായ ദൈവം തന്റെ മക്കളെ അനുവദിക്കുന്നില്ല. എന്തെന്നാൽ അത് പിതാവിന്റേതല്ലാ ലോകത്തിന്റേതാണ്.

1 കൊറി 6:10 “അസൻമാർഗ്ഗികളും വിഗ്രഹാരാധകരും വ്യഭിചാരികളും സ്വവർഗ്ഗഭോഗികളും കള്ളന്മാരും അത്യാഗ്രഹികളും മദ്യപൻമാരും പരദൂഷകരും കവർച്ചക്കാരും ദൈവരാജ്യം അവകാശമാക്കുകയില്ല. ”

1 കൊറി 3:16–17 “നിങ്ങൾ ദൈവത്തിന്റെ ആലയാമാണെന്നും ദൈവാത്മാവ് നിങ്ങളിൽ വസിക്കുന്നുവെന്നും നിങ്ങൾ അറിയുന്നില്ലേ? ദൈവത്തിന്റെ ആലയം നശിപ്പിക്കുന്നവനെ ദൈവവും നശിപ്പിക്കും. എന്തെന്നാൽ ദൈവത്തിന്റെ ആലയം പരിശുദ്ധമാണ്. ആ ആലയം നിങ്ങൾ തന്നെ.”

തുടരും...

***The personality....contd...***

his young age. His height, weight, fairness, health and good looking nature would not contribute for his personality but his good qualities and selfless social service.

*Now here it is clear that the real personality is measured not based on one's physical condition but on the good qualities he has shown during his life time and his selfless social service is called the personality.*

# മനമൊന്നായ് അൻപതുവർഷം



കുട്ടി കുടുംബങ്ങളും കുട്ടികൾ വേണ്ടാത്ത കുടുംബങ്ങളുടെയും ആധുനിക ലോകത്ത് മിശ്രവിവാഹങ്ങളും വിവാഹേതര ബന്ധങ്ങളും വേർപിരിയലുകളും വിവാഹമെന്ന മഹത് സ്ഥാപനത്തെ തന്നെ വെല്ലുവിളിയ്ക്കുന്ന മഹാ നഗരത്തിന്റെ നടുവിൽ, ഉത്തമ ഉദാത്ത ദാമ്പത്യത്തിന്റെ അഞ്ചു ദശവത്സരങ്ങൾ ആഘോഷിച്ച, അതെ വിവാഹിത ജീവിതത്തിന്റെ സുവർണ്ണ ജൂബിലിയുടെ നിറവിൽ നിൽക്കുന്ന തൊമ്മിച്ചേട്ടനേയും കുഞ്ഞമ്മച്ചേട്ടത്തിയേയും വിവാ തെരേസ വായനക്കാർക്ക് പരിചയപ്പെടുത്തുക എന്നുള്ള സത്കർമ്മത്തിലേക്ക് ഞങ്ങൾ കടന്നുചെല്ലുകയായിരുന്നു. തൊമ്മിച്ചേട്ടന്റെ വീടന്വേഷിച്ച് വഴി തെറ്റിയ ഞങ്ങളെ കുട്ടനാടിന്റെ തനിമയാർന്ന വാത്സല്യത്തോടെ തൊമ്മിച്ചേട്ടൻ വഴിയിലേക്കിറങ്ങി വന്ന് കൂട്ടിക്കൊണ്ടു പോയി. വഴി തെറ്റിയ ഇന്നിന്റെ തലമുറയെ മനസ്സാ നമിയ്ക്കുവാൻ ഒരു നിമിത്തം സർവ്വശക്തനായ ദൈവം തന്ന് അനുഗ്രഹിക്കുകയാണെന്നു മനസ്സിൽ തോന്നിയതും ഈ കടലാസിൽ കുറിക്കുന്നു. ഇടവക ജനതയുടെയും വിവാ കുടുംബത്തിന്റെയും ആശംസകളും അഭിനന്ദനങ്ങളും അറിയിച്ചുകൊണ്ട് തൊമ്മൻ ചേട്ടന്റെ വീട്ടിലേക്ക് കടന്നു ചെല്ലുമ്പോൾ ഈശ്വരാനുഭവത്തിന്റെ നിറവിൽ നിൽക്കുന്ന കുഞ്ഞമ്മ ചേച്ചി മനസ്സിൽ ഒരത്ഭുതമായി മാറുകയായിരുന്നു.

തൊമ്മിച്ചേട്ടനും കുഞ്ഞമ്മ ചേട്ടത്തിയുമായുള്ള അഭിമുഖ സംഭാഷണത്തിലേക്ക് ഒരെത്തി നോട്ടം.

ചോദ്യം : ദാമ്പത്യ ജീവിതത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന ഈ അവസരത്തിൽ മനസ്സിലേക്കു കടന്നുവരുന്ന ആദ്യത്തെ ചിന്ത വിവാ തെരേസായുമായി പങ്കുവയ്ക്കാമോ?

തോമ്മിച്ചേട്ടൻ : ഞങ്ങളുടെ ദാമ്പത്യജീവിതത്തിലുടനീളം നിറഞ്ഞു നിൽക്കുന്ന തിരുക്കുടുംബത്തിന്റെ സംരക്ഷണമാണ് മനസ്സിലേക്ക് ആദ്യം കടന്നുവരുന്നത്. വലിയ വിദ്യാഭ്യാസമോ, സാമ്പത്തികമോ ഇല്ലാതിരുന്നപ്പോഴും ജീവിതത്തിന്റെ ഓരോ ഘട്ടത്തിലും ആ സംരക്ഷണം നിറഞ്ഞു നിൽക്കുകയായിരുന്നു. കുടുംബത്തിലെ മൂത്ത മകനായതുകൊണ്ട് പരമ്പരാഗതമായ





**പിശാചുബാധ**

സുവിശേഷങ്ങളിൽ പിശാചുബാധ ഒരു സാധാരണ സംഭവമായാണ് അവതരിപ്പിച്ചിരിക്കുന്നത്. മർക്കോസിന്റെ സുവിശേഷം ഒൻപതാം അദ്ധ്യായത്തിൽ അത്തരത്തിലൊരു സംഭവം വിവരിക്കുന്നുണ്ട്. തീവ്രമായ പ്രാർത്ഥനയും ഉപവാസവും കൊണ്ടല്ലാതെ ഈ വർഗ്ഗം പുറത്തുപോവുകയില്ല (മർക്കോ 9, 29) എന്നു കർത്താവ് ഊന്നിപ്പറയുന്നുമുണ്ട്. സൗഖ്യം നല്കുന്ന യേശുവിന്റെ സൗഖ്യദായകശുശ്രൂഷകളിൽ പിശാചുബാധയിൽ നിന്നും മോചിപ്പിക്കുന്നത് ഒരു പ്രധാനപ്പെട്ട സംഭവമായിരുന്നു. ശാരീരികവും മാനസികവുമായ പല രോഗങ്ങളും പിശാചുബാധ മൂലമായിരുന്നുവെന്ന് സുവിശേഷം സാക്ഷ്യപ്പെടുത്തുന്നു (മത്താ 17, 15; ലൂക്കാ 9, 39). അപസ്മാരം വരെ അശുദ്ധാത്മാക്കളുടെ ആവാസത്തിൽ നിന്നും ഉണ്ടാകുന്ന ഒന്നായി കരുതപ്പെട്ടുപോന്നു. ''പുറത്തുവരിക'' എന്ന ശാസനയിലൂടെയാണ് യേശുനാഥൻ പിശാചുബാധ ഒഴിപ്പിച്ചിരുന്നത്. നാടൻമരുന്നുകളും വിദ്യകളും ഉപയോഗിച്ചു ബാധയൊഴിപ്പിക്കുന്ന പ്രാദേശിക രീതികളിൽ നിന്നും വ്യത്യസ്തമായിരുന്നു യേശുവിന്റെ സമീപനം.

പിശാചുബാധയിലൂടെ അസുഖങ്ങളും തിന്മകളുമുണ്ടാവുക എന്നത് സർവ്വസാധാരണമായാണ് ആദിമസഭയും കരുതിയിരുന്നത്. അതിന്റെയടിസ്ഥാനത്തിലാണ് ബാധയൊഴിപ്പിക്കുന്ന ചടങ്ങുകളും ആരാധനക്രമത്തിന്റെ ഭാഗമായിത്തീർന്നത്. ജ്ഞാനസ്നാനകൂദാശയിൽ ബാധയൊഴിപ്പിച്ചുകൊണ്ടുള്ള ഒരു ചെറിയ ചടങ്ങ് ആരാധനാക്രമത്തിന്റെ ഭാഗമായി ഉൾപ്പെടുത്തിയിരിക്കുന്നത് പരമ്പരാഗതമായി സഭയിൽ നിലനിന്നിരുന്ന വിശ്വാസത്തിലേക്കു വെളിച്ചം വീശുന്നു.

ആധുനിക യുഗത്തിൽ പിശാചുബാധയെന്നത് മാനസികരോഗമായി വ്യാഖ്യാനിക്കുന്നവരാണനവധി. അത്തരം രോഗങ്ങളുണ്ടായാൽ ഒഴിപ്പിക്കുന്നതിനെക്കാൾ മാനസികമായി ചികിത്സിക്കുന്നതിനാണ് പ്രധാനമായും ആളുകൾ ശ്രമിക്കുന്നത്. ആ കാലഘട്ടത്തിന്റെ ചിന്താരീതിയോടു ചേർന്നു പ്രവർത്തിച്ചതുകൊണ്ടാകാം മാനസികവൈകല്യങ്ങളെ പിശാചുബാധയായി യേശു അംഗീകരിച്ചത്. ദൈവരാജ്യത്തിന്റെ ആവിർഭാവത്തോടുകൂടി തിന്മയുടെ ശക്തികൾ തങ്ങളുടെ ശക്തിവൈഭവം പ്രകടമാക്കുന്നത് ക്രിസ്തുനാഥന്റെ രക്ഷാകരസന്ദേശത്തെ പ്രതിരോധിക്കാനായിരിക്കാം. പ്രകാശം തന്നെയായ ക്രിസ്തുനാഥനെ പരാജയപ്പെടുത്തുവാൻ അന്ധകാരരൂപികളായ പൈശാചിക ശക്തികൾ പ്രവർത്തിക്കുന്നതായും കാണാം. പൈശാചികബാധ വളരെ വിരളമായി ഈ കാലഘട്ടത്തിലും സംഭവിക്കുന്നതിനാൽ തിന്മയുടെ ശക്തികളുടെ വ്യക്തികളിലുള്ള ആവാസത്തെ നിരാകരിക്കുവാനും സാധ്യമല്ല. പിശാചുബാധയായി കാണപ്പെടുന്ന പല രോഗങ്ങളും പിശാചുബാധയല്ലെങ്കിലും വിരളമായുണ്ടാകുന്ന യഥാർത്ഥത്തിലുള്ള പിശാചുബാധ ഒരു സാധ്യതയായി നിലനില്ക്കുന്നു അതുകൊണ്ടുതന്നെ അതിൽ നിന്നും മോചിപ്പിക്കുന്നതിനുള്ള ചടങ്ങുകളും ബിഷപ്പിന്റെ പ്രത്യേകാനുവാദത്തോടെ സഭയിൽ നടത്തപ്പെടുന്നു. പിശാചുബാധ രക്ഷകനായ യേശുകിസ്തുവിൽ രൂപപ്പെടുവാനും രക്ഷ പ്രാപിക്കാനുമുള്ള അവസരം സൃഷ്ടിക്കുന്നു എന്നു വേണം കരുതാൻ. തിന്മയുടെ വൈവിധ്യമാർന്ന ആവാസ

ണം മനസ്സിലാക്കാൻ.

ദൈവം സർവ്വശക്തനും എല്ലാറ്റിനും കാരണഭൂതനുമാകയാൽ രോഗങ്ങളും വേദനകളും കഷ്ടപ്പാടുകളും ദൈവത്തിന്റെ അറിവോടെയായിരിക്കുമെന്ന വിശ്വാസമാണ് പുതിയനിയമത്തിൽ പൊതുവെ കാണുന്നത്. ദുരിതങ്ങൾ, മനുഷ്യനെ പഠിപ്പിക്കുന്നതിനുള്ള മാർഗ്ഗമായാണ് കരുതിയിരുന്നത്. രോഗങ്ങളും വേദനകളും, കഷ്ടപ്പാടുകളും ദൈവത്തിലേക്ക് മടങ്ങിവരുന്നതിനുള്ള അവസരമായാണ് വിശ്വസിച്ചുപോരുന്നത്. തിന്മയും രോഗവും ഉണ്ടാകുന്നത് ദൈവത്തിന്റെ അറിവോടെയാണെന്നാണ് പുതിയനിയമ ഗ്രന്ഥങ്ങളെല്ലാം സാക്ഷ്യപ്പെടുത്തുന്നത്. ജനത്തെ പഠിപ്പിക്കുന്നതിനുള്ള ഒരു മാർഗ്ഗമായും വിശുദ്ധീകരണത്തിനുള്ള മാർഗ്ഗമായും രക്ഷാസന്ദേശം വെളിവാക്കുന്ന പദ്ധതിയായുമാണ് പാപഫലമായ ദുരിതങ്ങൾ ഉണ്ടാകുന്നത്. ദുരിതങ്ങൾ പെരുകുമ്പോൾ അത് പാപങ്ങളെക്കുറിച്ച് ഓർമ്മിക്കുവാനും അതിൽ നിന്നു മോചനം നേടുവാനുമായുള്ള ആഹ്വാനമായും മനസ്സിലാക്കണം. കഷ്ടപ്പാടുകൾ ഒന്നും തന്നെ പാപം നേരിട്ടുണ്ടാകുന്നതല്ല. മറിച്ച് ദൈവം പാപത്തിനു ശിക്ഷയായി നല്കുന്നവയാണ്.

പുതിയനിയമത്തിൽ ചില സന്ദർഭങ്ങളിലെങ്കിലും പിശാച് തിന്മയ്ക്കു കാരണമാകുന്നതായി വിവക്ഷയുണ്ട് (മർക്കോസ് 9). അശുദ്ധാത്മാക്കളുടെ ആവാസം അതിന്റെ ഭാഗമായി കാണാവുന്നതാണ്. പലതരത്തിലുള്ള പ്രശ്നങ്ങളും മനുഷ്യനുമേൽ ഉണ്ടാക്കുന്ന അശുദ്ധാത്മാക്കൾ ദൈവത്തിന്റെ ശക്തിക്കുമുമ്പിൽ കീഴടങ്ങുന്നതായി കാണുന്നു. അശുദ്ധാത്മാക്കളുടെ വസ്തുനിഷ്ഠമായ രീതിയിലുള്ള ഉത്ഭവത്തെക്കുറിച്ചോ അവയുടെ അസ്തിത്വത്തെ സംബന്ധിച്ച കാര്യങ്ങളോ ഒന്നും തന്നെ ബൈബിളിൽ നിന്നും വ്യക്തമല്ല. അതോടൊപ്പം ഭൂരിപക്ഷം വരുന്ന തിന്മകളും സ്വാഭാവികമായി ഉണ്ടാകുന്നതായാണ് അവതരിപ്പിക്കുന്നത്. പിശാചിന്റെ പ്രവർത്തനഫലമായി എന്നതിനേക്കാൾ അവ സാധാരണഗതിയിൽ സ്വാഭാവികമായി സംഭവിക്കുന്നവയാണ് എന്നാണ് പുതിയ നിയമ ഗ്രന്ഥങ്ങളിൽ പ്രതിപാദിച്ചിരിക്കുന്നത്.

രക്ഷകനായ യേശുക്രിസ്തുവിന്റെ പുതുയുഗത്തിൽ സാത്താനു സ്ഥാനമില്ല. ഈ ലോകത്തിന്റെ അധിപതി എന്ന നിലയിലാണ് സാത്താനെ അവതരിപ്പിച്ചിരിക്കുന്നത്. പ്രലോഭകനായ പിശാച് (യോഹ 12:31) ദൈവീകമായ ചിന്തകൾ തടസ്സപ്പെടുത്തുന്നവനാണ് (മത്താ 16:23) യൂദാസിനെയും അനനിയാസിനെയും തെറ്റിലേക്കു നയിക്കുന്നവനാണ് സാത്താൻ (യോഹ 13, അപ്പോ 5) യേശുവിന്റെ കാലഘട്ടത്തിൽ പിശാചുക്കൾ മനുഷ്യരിൽ പ്രവേശിച്ചു ശാരീരികമായും മാനസികവുമായ രോഗങ്ങൾ സൃഷ്ടിക്കുമെന്ന് വിശ്വസിച്ചുപോന്നിരുന്നു. പിശാചുക്കളുടെ തലവനായ ബേൽസെബുലുമായി ഉണ്ടാക്കിയ ധാരണയുടെ അടിസ്ഥാനത്തിലാണ് താൻ അത്ഭുതങ്ങൾ ചെയ്യുന്നതെന്ന് യേശുവിന്റെ ശത്രുക്കൾ പറഞ്ഞുപരത്തി. എന്നാൽ അവിടന്ന് അവരെക്കാൾ ശക്തനാണെന്ന് തെളിയിച്ചുകൊണ്ട് അവരുടെ ഇടയിലൂടെ നടന്നുനീങ്ങി എന്നുമാത്രമല്ല പ്രസ്തുത പിശാചുക്കളുടെമേൽ ക്രിസ്തുനാഥൻ തന്റെ ശിഷ്യന്മാർക്ക് അധികാരം നൽകുകയും ചെയ്തു.





കച്ചവടത്തിലേയ്ക്കും കൃഷിയിലേക്കും അപ്പന് കൈത്താങ്ങായി മാറുകയായിരുന്നു. അന്നത്തെ കാലത്ത് പട്ടാളത്തിലോ പോലീസിലോ ചേരാനുള്ള തടിമിടുക്കുണ്ടായിരുന്നെങ്കിലും അപ്പന്റെ ആഗ്രഹ പ്രകാരം അതെല്ലാം വേണ്ടെന്നു വച്ചു.

ചോദ്യം : മാതാ പിതാക്കളോടുള്ള അനുസരണമായിരുന്നു പഴയ തലമുറയുടെ മുഖമുദ്രയെന്നു പറയാൻ പറ്റുമോ ?

തൊമ്മിച്ചേട്ടൻ : തീർച്ചയായും. ആദ്യമായി പൊടിമീശയും വച്ചുകൊണ്ട് അപ്പന്റെ മുമ്പിലേക്കു ചെല്ലുമ്പോൾ അപ്പൻ ചോദിച്ചു ''എന്താടാ മുഖത്ത്?'' അതൊന്നും ഇവിടെ വേണ്ടായെന്ന് പുറകേ കൽപ്പനയും. ആശയോടെ ഒരുക്കിയെടുത്ത മീശയ്ക്കപ്പോൾ തന്നെ കത്തിവച്ചു. പിന്നെ, ഇതാ ഈ കാലഘട്ടം വരെ ഈ മുഖത്ത് മീശയുണ്ടായിട്ടില്ല. അനുസരണത്തിന്റെ ഗുണവും ദൈവാനുഗ്രഹവും ആയിരുന്നു പഴയ തലമുറയുടെ കൈമുതൽ.

കുഞ്ഞമ്മച്ചേടത്തി : മോനേ, കല്യാണം കഴിച്ചു പുതിയ വീട്ടിലേക്ക് ചെല്ലുമ്പോൾ അപ്പന്റെ കൺവെട്ടത്തു പോകുന്നത് മുറ്റം തൂക്കാനാണ്. ഒരു ദിവസം മുറ്റം തൂക്കാൻ ചെല്ലുമ്പോൾ അപ്പൻ വിളിച്ചു സ്നേഹത്തോടെ പറഞ്ഞു ''കൊച്ചേ നിന്നോട് ഞാൻ ഒന്നും ആവശ്യപ്പെടുന്നില്ല. പക്ഷെ മൂത്തത് നിങ്ങളാണ്. അതുകൊണ്ട് ഇളയവർക്കു നല്ല മാതൃകയായി ജീവിയ്ക്കുക.'' അത് ഞങ്ങൾ മനസ്സാ വഹിച്ചു. കുഞ്ഞേ നിങ്ങൾക്കറിയുമോ ഗർഭിണിയായിരിക്കുമ്പോൾ അതും ഇതും ഒക്കെ തിന്നണമെന്ന് മനസ്സിൽ പൂതി വരും ഒന്നും പറഞ്ഞ് ഞാനാർക്കും ഒരു ബുദ്ധിമുട്ടും ഉണ്ടാക്കാതിരുന്നത് ആ അനുസരണം കൊണ്ടു മാത്രം.

ചോദ്യം : അന്നത്തെ കല്യാണ ദിവസവും ആഘോഷങ്ങളും ഒക്കെ മനസ്സിലുണ്ടോ ഇപ്പോഴും?

തൊമ്മിച്ചേട്ടൻ : അന്നൊക്കെ കല്യാണം എന്നു പറഞ്ഞാൽ കൂട്ടായ്മയുടെയും സഹകരണത്തിന്റെയും ഒരാഘോഷമാണ്. തലേ ദിവസം തന്നെ കുടുംബക്കാരും അയൽപക്കക്കാരും കൂടി കാളയെ ഒക്കെ കൊന്ന് കറി വയ്പ്പ് തുടങ്ങും. കാളയും താറാവും മീനും തോരനും മോരു കാച്ചിയതും ഒക്കെയാണ് പ്രധാനം. ഇന്നിപ്പം എന്താ? ഒരു കാറ്ററിംഗ് കാരൻ വന്ന് ഒരു ബിരിയാണിയോ റഡിമെയ്ഡ് ഊണോ ഉണ്ടാക്കും. പഴയ രസം ഒന്നും ഇപ്പോഴില്ല മക്കളേ! ഊണ് കഴിഞ്ഞ് ഇന്നത്തേ ഐസ്ക്രീമിനും ഫ്രൂട്ട് സലാഡിനും പകരം പഴവും പഞ്ചസാരയും ചോറിൽ ഇളക്കി ഒരു തട്ടുണ്ട്. അന്നതൊക്കെ ഒരു രസമായിരുന്നു.

ചോദ്യമ : 50 വർഷത്തെ ദാമ്പത്യജീവിതത്തിന്റെ വെളിച്ചത്തിൽ ലവ് മാരിയേജിനെക്കുറിച്ചും അറേഞ്ച്ഡ് മാരിയേജിനെക്കുറിച്ചും, ഉള്ള അഭിപ്രായം എന്താണ്?

തൊമ്മിച്ചേട്ടൻ : കുടുംബത്തിന് ചേരുന്ന വണ്ണം കുടുംബക്കാർ ആലോചിച്ചു നടത്തുന്ന വിവാഹങ്ങൾ ഒരിക്കലും പരാജയപ്പെടുകയില്ല. പിന്നെ കാലം മാറി. ലവ് മാരിയേജ് വേണ്ടാ എന്ന് ഞാൻ പറയുന്നില്ല. പക്ഷേ സ്വന്തം സമുദായത്തിൽ നിന്നും മതത്തിൽ നിന്നും കല്യാണം കഴിയ്ക്കാനെങ്കിലും മനസ്സു വയ്ക്കുക അല്ലാത്തതൊന്നും ശരി ആവില്ല.

കുഞ്ഞമ്മച്ചേടത്തി : കുഞ്ഞേ വല്ല മതത്തിൽ നിന്നും കെട്ടിക്കൊണ്ടു വന്നാൽ പിള്ളേരുടെ വിശ്വാസം ഒക്കെ എന്താകും. അപ്പനൊരു വഴിയ്ക്ക്, അമ്മയൊരു വഴിയ്ക്ക് പാവം പിള്ളേരെന്തു ചെയ്യും.

ചോദ്യം : എത്രാമത്തെ വയസ്സിലായിരുന്നു കല്യാണം ? സ്ത്രീധനം ഒക്കെ ഉണ്ടായിരുന്നോ?

തൊമ്മിച്ചേട്ടൻ : എനിയ്ക്ക് വയസ്സ് 24 കുഞ്ഞമ്മയ്ക്ക് 17 വയസ്സ്. അപ്പൻ പോയി കണ്ടുറപ്പിച്ചു. 2000 രൂപാ സ്ത്രീധനം. അന്നത്തെ കാലത്ത് 90 രൂപയ്ക്ക് ഒരു പവൻ സ്വർണ്ണം കിട്ടും.

ചോദ്യം : സ്ത്രീധനമൊക്കെ അനാചാരമല്ലെ?

തൊമ്മിച്ചേട്ടൻ : സ്ത്രീധനം എന്താ കുഞ്ഞേ? പെണ്ണിന്റെ വീതം. അപ്പന്റെ സ്വത്തിന് ആണിനും പെണ്ണിനും അവകാശമില്ലേ? പിന്നെ വില പേശലും പീഡനവും ഒക്കെ ആകുമ്പോഴാ അത് അനാചാരമാകുന്നത്.

ചോദ്യം : ഭർത്താവും, ഭാര്യയും ദൈവതിരുമുമ്പിൽ ചെയ്യുന്ന ഉടമ്പടിയാണല്ലോ വിവാഹം. ദൈവത്തിന്റെ ശക്തമായ ഇടപെടൽ കുടുംബജീവിതത്തിൽ അനുഭവപ്പെട്ടത് എപ്പോഴാണ്?

കുഞ്ഞമ്മച്ചേടത്തി : കുഞ്ഞേ 17 വർഷമായി നിരന്തരമായ രോഗപീഢയിലാണ് ഞാൻ. ദൈവം ഞങ്ങളുടെ കൂടെയില്ലായിരുന്നെങ്കിൽ ഇങ്ങേര് ഇതെല്ലാം സഹിച്ച് എന്നെ ഇങ്ങനെ കൊണ്ടു നടക്കുമോ? ദൈവത്തിന്റെ അനുഗ്രഹം കൊണ്ട് ഈ രോഗപീഢയിലും ഞങ്ങൾ സന്തുഷ്ടമായ ജീവിതം നയിക്കുന്നു. എത്രയോ അത്ഭുതകരമായ രോഗ സൗഖ്യങ്ങൾ ദൈവം ഞങ്ങൾക്ക് നൽകി.

ചോദ്യം : കുട്ടനാട്ടിലെ ജീവിതം കാറ്റും കോളും നിറഞ്ഞതാണെന്നു കേട്ടിട്ടുണ്ട്. എന്തൊക്കെയാണ് കുട്ടനാടൻ അനുഭവങ്ങൾ ?

തൊമ്മിച്ചേട്ടൻ : മക്കൾ ഉണ്ടായാൽ വളർന്നു കിട്ടാനാണ് പാട്. എത്രയോ കുട്ടികൾ വെള്ളത്തിൽ വീണ് മരിയ്ക്കുന്നത് കണ്ടു. ഒരു വെള്ളപ്പൊക്കത്തിൽ എന്റെ മകൻ സജി കുളിച്ചുകൊണ്ടിരിയ്ക്കുമ്പോൾ വെള്ളത്തിൽ മുങ്ങിപ്പോയി. എന്റെ മരിച്ചു പോയ മൂത്ത മകൻ വെള്ളത്തിൽ ചാടി അവനെ രക്ഷിച്ചു. പിന്നെ ഞാൻ തലയിലെടുത്തു വട്ടം കറക്കി വെള്ളമെല്ലാം വയറ്റീന്ന് കളഞ്ഞ് മിഷൻ ആശുപത്രിയിൽ കൊണ്ടു പോയി. അന്നത്തെ കാലത്ത് പിള്ളേർൽക്ക് വാഴപ്പിണ്ടി വെട്ടി വെള്ളത്തിലിട്ടുകൊടുക്കും. അതിൽ പിടിച്ച് അവർ നീന്തൽ പഠിക്കും.

അന്ന് എനിക്ക് കടയിൽ അരിയും ഉഴുന്നും അരച്ചു കൊടുക്കുന്ന മിഷ്യനുണ്ട്. രാത്രി ഹോട്ടലുകൾക്കുള്ള അരിയും ഉഴുന്നും എല്ലാം അരച്ച് തിരികെ വീട്ടിൽ വരുമ്പോൾ രാത്രി 11 മണി യൊക്കെ കഴിയും. നോക്കെത്താ ദൂരത്ത് നെൽപാടത്തിന്റെ വരമ്പിരലൂടെ ഒറ്റയ്ക്ക് നിലാവെട്ടത്തിലാണ് വീട്ടിലേത്തുന്നത്. ഒരു പേടിയോ ക്ഷീണമോ ഒരിയ്ക്കലും തോന്നിയിട്ടില്ല.

കുഞ്ഞമ്മച്ചേടത്തി : പട്ടിയെ ഭയങ്കര പേടിയായിരുന്നു കേട്ടോ! പിന്നെ കൊന്തയും ചൊല്ലി ഞാൻ വീട്ടിലിരിയ്ക്കുകല്ലേ? എന്തോ പേടിയ്ക്കാനാ?

ചോദ്യം : തിരിഞ്ഞു നോക്കുമ്പോൾ ജീവിതത്തിലെ നേട്ടങ്ങൾ ?

തൊമ്മിച്ചേട്ടൻ : കാര്യമായിട്ടൊന്നും സമ്പാദിച്ചിട്ടില്ലെന്ന് നേര്. പക്ഷെ നല്ല





ഉല്പത്തിപുസ്തകത്തിലെ പ്രലോഭനത്തിൽ പ്രത്യക്ഷപ്പെടുന്ന സർപ്പം പിശാചാണോ എന്നതിനെപ്പറ്റി വ്യക്തമായ തെളിവുകൾ ഒന്നും തന്നെയില്ല. പുരാതനയഹൂദ പാരമ്പര്യത്തിൽ പിശാചിലുള്ള വിശ്വാസം അത്രയും ശക്തമായി വികാസം പ്രാപിച്ചിരുന്നില്ല. സമകാലിക മതപാരമ്പര്യങ്ങളുമായുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിലാണ് പിശാചിനെ സംബന്ധിച്ചുള്ള ശക്തമായ ചിന്തകൾ പ്രബലപ്പെട്ടത്.

പിന്നീടുണ്ടായ യഹൂദസംസ്കാരത്തിന്റെ സ്വാധീനത്തിലാണ് പിശാചിലുള്ള വിശ്വാസം ക്രിസ്തുമതത്തിൽ ശക്തിപ്പെട്ടത്. മതം നേരിടേണ്ടിവന്ന ആക്രമണങ്ങളും മത പീഡനങ്ങളും പിശാചിലുള്ള വിശ്വാസത്തെ ഉറപ്പിക്കുവാൻ കാരണമായി. പൈശാചിക ശക്തികൾക്ക് പ്രലോഭിപ്പിക്കുവാനും ശാരീരികമായി ഉപദ്രവിക്കുവാനും കഴിയുമെന്ന വിശ്വാസം ബാബിലോൺ, കാനാനൈറ്റ്, മൊസപൊട്ടോമിയ തുടങ്ങിയ സംസ്ക്കാരങ്ങളിൽ നിന്നും യഹൂദ സംസ്ക്കാരത്തിലേക്കും തുടർന്ന് ക്രിസ്തുമതത്തിലേക്കും കടന്നുവന്നു.

സ്വർഗ്ഗത്തിലെ മാലാഖമാർ അഹങ്കരിച്ച് ദൈവത്തിന്റെ അപ്രീതിക്കു പാത്രീഭൂതരായതിന്റെ ഫലമായി പിശാചുക്കളായി മാറിയതെന്നാണ് പഴയനിയമ പാരമ്പര്യം. എശയ്യാ പ്രവാചകന്റെ പുസ്തകത്തിൽ സ്വർഗത്തിൽ നിന്ന് പതിച്ചവരെക്കുറിച്ചും (14,12-15) എസെക്കിയേൽ പ്രവാചകന്റെ പുസ്തകത്തിൽ പറുദീസയിൽ നിന്ന് പുറത്താക്കിയവരെക്കുറിച്ചും (28,14-16) പരാമർശിക്കുന്നുണ്ട്. വെളിപാടുപുസ്തകം 12-ാം അദ്ധ്യായത്തിലും സ്വർഗത്തിൽ നിന്ന് പുറത്താക്കപ്പെട്ട പിശാചുക്കളെക്കുറിച്ചു പറയുന്നുണ്ട്. ഇക്കാരണത്താൽ പൊതുവെ വിശ്വാസിക്കപ്പെട്ടു പോരുന്നത് സ്വർഗ്ഗനിവാസികളായിരുന്ന മാലാഖമാരാണ് കാലാന്തരത്തിൽ പിശാചുക്കളായി നിപതിച്ചത് എന്നു തന്നെയാണ്.

പഴയനിയമ കാഴ്ചപ്പാടനുസരിച്ച് ഇപ്രകാരം പാതാളത്തിൽ വീണവരാണ് പിശാചുക്കളായതെങ്കിലും തിന്മയുടെ കാരണക്കാർ അവരാണെന്നു പറയുന്നില്ല. കാരണം എല്ലാറ്റിന്റെയും ആത്യന്തിക കാരണഭൂതനായി കണ്ടത് ദൈവത്തെത്തന്നെയായിരുന്നു. ദൈവമറിയാതെ ഒന്നും സംഭവിക്കുകയില്ലാത്തതിനാൽ നന്മയും തിന്മയുമെല്ലാം ദൈവത്തിന്റെ അറിവോടെ മാത്രമേ സംഭവിക്കുകയുള്ളു. പഴയനിയമ കാഴ്ചപ്പാടനുസരിച്ച് മരണവും രോഗവും പ്രയാസങ്ങളുമെല്ലാം ദൈവത്തിൽ നിന്നു വരുന്നവയായിരുന്നു. പിശാചിൽ നിന്ന് പുറപ്പെടുന്നു എന്നതിലുപരി പരോക്ഷമായി ദൈവം തന്നെ അതിന് കാരണഭൂതനാകുന്നു എന്നതായിരുന്നു ഇസ്രായേല്യരുടെ വിശ്വാസം.

**പുതിയനിയമ കാഴ്ചപ്പാട്**

ക്രൈസ്തവയുഗത്തിന്റെ പ്രാരംഭഘട്ടത്തിൽ പിശാച് ദൈവരാജ്യത്തിന് തടസ്സം നില്ക്കുന്നവനായാണ് കരുതപ്പെട്ടിരുന്നത്. പിശാചുക്കളിൽ പ്രമുഖനായ സാത്താൻ കപടമായ വാഗ്ദാനങ്ങളിലൂടെയും അടയാളങ്ങളിലൂടെയും വഴിതെറ്റിക്കുന്ന പ്രലോഭകനായുമാണ് ചിത്രീകരിക്കപ്പെട്ടിരുന്നു. വളരെ ചുരുക്കമായി മാത്രമേ പുതിയനിയമത്തിൽ പിശാചിനെ തിന്മയുടെ കാരണഭൂതനായി അവതരിപ്പിക്കുന്നുള്ളു. എന്നിരുന്നാലും പലതരത്തിലുള്ള തിന്മകളുടെയും രോഗങ്ങളുടെയും കാരണമായി മർക്കോസ് പിശാചിനെ കരുതിയിരുന്നു എന്നുവേ

# തിന്മയും പിശാചം

ഡോ. ആർബി ഗ്രിഗറി
(പ്രൊഫസർ കാർമ്മൽഗിരി സെമിനാരി, ആലുവ)

അതിസ്വാഭാവിക ശക്തികളിലുള്ള വിശ്വാസം എല്ലാ മതങ്ങളിലും കാണുന്ന സാർവ്വത്രിപ്രതിഭാസമാണ്. സകല തിന്മകളും ഉണ്ടാകുന്നത് പൈശാചികശക്തിയുടെ ഇടപെടൽ മൂലമാണ് എന്ന വിശ്വാസവും പ്രാചീനമായി നിലനില്ക്കുന്ന ഒന്നാണ്. സാത്താൻ എന്നത് ഈ ലോകത്തിൽ നിലനിൽക്കുന്ന ഒരു യാഥാർത്ഥ്യമായാണ് കത്തോലിക്കാസഭയും പ്രമുഖ പ്രൊട്ടസ്റ്റന്റ് സഭകളും കിഴക്കൻ ഓർത്തഡോക്സ് സഭയും പഠിപ്പിക്കുന്നത്. അമേരിക്കൻ ഐക്യനാടുകളിൽ ഈ അടുത്ത കാലത്ത് നടത്തിയ സർവ്വേയിൽ 70 ശതമാനത്തോളം വരുന്ന ആളുകളും പിശാച് ഉണ്ട് എന്നു വിശ്വസിക്കുന്നവരാണ്. പല സ്ഥലങ്ങളിലും പിശാചിലുള്ള വിശ്വാസവും പലതരത്തിലുള്ള അന്ധവിശ്വാസങ്ങളും മാനസികാരോഗങ്ങളുമായി കൂടിക്കലർന്നു കിടക്കുന്നു. പിശാചിന്റെ സാന്നിദ്ധ്യത്തെ യഥാർത്ഥ സാന്നിദ്ധ്യമായി വിശ്വസിക്കുന്നവരും പിശാചിന്റെ അസ്തിത്വത്തെ പൂർണ്ണമായി നിരാകരിക്കുന്നവരും ഉണ്ട്.

**പിശാചും സാത്താനും**

പിശാചിന്റെ മറ്റൊരു പേരാണ് സാത്താൻ. പിശാചിനെ പ്രതിഷ്ഠിക്കുന്നവരുണ്ട്. സാത്താൻ എന്ന പദത്തിന്റെ അർത്ഥം 'പ്രതിബന്ധം സൃഷ്ടിക്കുന്നവൻ' 'എതിരായി നിലനിൽക്കുന്നവൻ' 'പ്രതിയോഗി' എന്നൊക്കെയാണ് 'Devil' എന്ന പദമാണ് പൊതുവെ പിശാചിനെ വിവക്ഷിക്കാൻ ഉപയോഗിക്കുന്നത്. ഇതിന് 'പരദൂഷണം പരത്തുന്നവൻ' എന്നാണ് അർത്ഥം. പൊതുവെ പിശാചും സാത്താനും ഒരേ അർത്ഥത്തിലാണ് ഉപയോഗിച്ചു കാണുന്നത്. വാച്യാർത്ഥത്തിൽ കോടതിയിൽ ആരോപണമുന്നയിക്കുന്നവൻ സാത്താനാണെങ്കിൽ നുണയനും തിന്മയുടെ കുലപതിയുമാണ് പിശാച്. പിശാചിനെ ദുർദ്ദേവതയായി കാണാവുന്നരുമുണ്ട്.

**പഴയ നിയമത്തിൽ**

ആദ്യകാലങ്ങളിൽ പിശാചിനെ യഹൂദർ കരുതിയിരുന്നത് മനുഷ്യശത്രുവായാണ്. ലോകത്തിൽ അലഞ്ഞുതിരിഞ്ഞു നടക്കുന്നവനായിട്ടാണ് ജോബിന്റെ പുസ്തകത്തിൽ പിശാചിനെ അവതരിപ്പിച്ചിരിക്കുന്നത്. ഇവിടെ ദൈവത്തിനു വേണ്ടി കുറ്റവിചാരണ ചെയ്യുന്ന ഉദ്യോഗസ്ഥനെപ്പലെയാണ് സാത്താൻ പൊരുമാറുന്നത്. ക്രമേണ ദൈവത്തിന്റെയും മനുഷ്യരുടെയും ശത്രുവായിത്തീർന്നു. ദുഷ്ടരൂപിയായാണ് യഹൂദർ പിശാചിനെ കരുതിപ്പോന്നിരുന്നത്. ഇവയിൽ പല പ്രകൃതിശക്തികളും ഉൾപ്പെട്ടിരുന്നു. ഈ പ്രകൃതിശക്തികളിൽ പലതും നല്ലതോ ചീത്തയോ എന്നു തിരിച്ചറിയാൻ വയ്യാത്തവയാണ് ആ കാലയളവിൽ മന്ത്രവാദികളിൽ പലരും അവരുടെ ആവശ്യങ്ങൾക്കായി ഈ ശക്തികളെ ഉപയോഗപ്പെടുത്തിയിരുന്നു.





അനുസരണമുള്ള മക്കൾ, മോളെ നല്ല നിലയിൽ കെട്ടിച്ചു വിട്ടു. പിന്നെ നേട്ടമെന്ന് പറഞ്ഞാൽ നാട്ടുകാരുടെയും പള്ളിക്കാരുടെയും ബഹുമാനവും സ്നേഹവുമാണ്. നാലു വർഷം മുട്ടാറു പള്ളിയുടെ ട്രസ്റ്റിയായിരുന്നു ഞാൻ. ഇന്നും മുട്ടാറു പള്ളി പാരിഷ് ഓഫീസിൽ ഫോട്ടോയിരിപ്പുണ്ട്. ജാതി മത ഭേദമെന്യേ എല്ലാവർക്കും എന്നും സ്നേഹബഹുമാനങ്ങളായിരുന്നു. ഒരു കാലത്തും ഭാര്യയേയോ മക്കളേയോ തല്ലേണ്ടി വന്നിട്ടില്ല. അവരൊക്കെ ഒന്നുറക്കെ വിളിച്ചാൽ വിളിപ്പുറത്തു നിൽക്കുമായിരുന്നു. ഒരിയ്ക്കലും കുടുംബത്തെ പട്ടിണിയിടേണ്ടി വന്നിട്ടില്ല.

കുഞ്ഞമ്മച്ചേടത്തി : നാട്ടിലെ വഴക്കൊക്കെ തീർക്കാൻ എന്നും തൊമ്മിച്ചേട്ടൻ മുന്നിലായിരുന്നു. എത്ര വലിയ വഴക്കാണെങ്കിലും ഇടയ്ക്കു കയറി സമാധാനം പറയും. മദ്യപാനവും മറ്റു ശീലങ്ങളും ഇല്ലാത്തതുകൊണ്ട് നാട്ടിൽ ഒരു ബഹുമാനവും ഉണ്ടായിരുന്നു.

തൊമ്മിച്ചേട്ടൻ : ഇപ്പോഴും ഭാഷയും മറ്റും അറിയില്ലെങ്കിലും ഇവിടെ ആൾക്കാർ വന്നു കൈപിടിച്ചു കുലുക്കും. നമസ്തേ പറയും. എല്ലാം ദൈവത്തിന്റെയും തിരുകുടുംബത്തിന്റെയും സംരക്ഷണം.

ചോദ്യം : നെരൂൾ പള്ളി അന്നും ഇന്നും ?

തൊമ്മിച്ചേട്ടൻ : 12 വർഷം മുൻപാണ് ഞങ്ങൾ നെരൂളിൽ വന്നത്. നെരൂൾ ഇടവക ഭൗതികമായും ആത്മീയമായും ഇന്ന് നല്ലപോലെ വളർന്നു. കാലാകാലങ്ങളിലുള്ള അച്ചൻമാരുടെ പ്രവർത്തനം കൊണ്ട് പ്രത്യേകിച്ച് കുര്യാക്കോസച്ചന്റെ വരവോടെ ആത്മീയമായ ഒരു വലിയ ഉണർവ് ഇവിടെ ഉണ്ടായിട്ടുണ്ട്. മാതാവിന്റെയും കൊച്ചു ത്രേസ്യാ പുണ്യവതിയുടെയും അനുഗ്രഹം കൊണ്ട് സമൃദ്ധമായ ഇടവകയാണ് ഇന്ന് നെരൂൾ. കൊടുക്കുന്തോറും പിന്നെയും കിട്ടുന്ന എത്രയോ അനുഭവങ്ങൾ' എത്രയോ പേർ മദ്യപാനവും മറ്റു ശീലങ്ങളും ഉപേക്ഷിച്ചു. അതുകൊണ്ട് ഈ വർഷത്തെ തിരുന്നാൾ എന്തൊരനുഭവമായിരുന്നു.

കുഞ്ഞമ്മച്ചേടത്തി : കുര്യാക്കോസച്ചൻ തലയിൽ കൈവച്ചു പ്രാർത്ഥിക്കുമ്പോൾ, പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യം ഒന്ന് അനുഭവിയ്ക്കേണ്ടതു തന്നെ. എന്റെയും തൊമ്മിച്ചേട്ടന്റെയും ഒക്കെ അത്ഭുത സൗഖ്യങ്ങൾ എത്ര പറഞ്ഞാലും മതി വരില്ല. കൊച്ചച്ചനാണെങ്കിലും അതുപോലെ ദൈവാത്മാവു നിറഞ്ഞൊരച്ചൻ തന്നെ.

ചോദ്യം : പുതിയ തലമുറയോട് എന്തൊക്കെയാണ് പറയാനുള്ളത്?

കുഞ്ഞമ്മച്ചേടത്തി : ദൈവവിശ്വാസത്തിൽ അടിത്തറയിട്ട്, മാതാവിൽ ശരണം വെച്ച് കുടുംബജീവിതം നയിച്ചാൽ ഐശ്വര്യ പൂർണ്ണമായ ജീവിതം ഉറപ്പാണ് കുഞ്ഞേ. പെണ്ണുങ്ങൾ ചെന്നു കേറുന്ന വീട് സ്വന്തം ഭവനമായി കരുതി മാതാ പിതാക്കളെ സ്വന്തമായി കരുതി സ്നേഹിച്ചു ബഹുമാനിയ്ക്കണം.ഞങ്ങളെ ഒക്കെ കെട്ടിച്ചു ചെല്ലുമ്പോൾ ഒരു മീൻ കറിവയ്ക്കുമ്പോൾ പോലും മാതാവിനെ വിളിച്ച് പ്രാർത്ഥിക്കും. മാതാവേ ഉപ്പും പുളിയും എല്ലാം ശരിയാകണമേ എന്ന്. ഒരു പരാതിയും കേൾക്കേണ്ടി ഇടവന്നിട്ടില്ല. പിന്നെ മദ്യപാനമില്ലാതെ കുടുംബനാഥൻമാര് വേണം. സ്നേഹം ഒക്കെ പ്രകടിപ്പിയ്ക്കണം കുഞ്ഞേ. പഴയ കാലത്തെ പ്പോലെ മനസ്സിൽ വെച്ചോണ്ടിരുന്നിട്ട് കാര്യമില്ല.

contd... on page no.21

# First the peace (and fast), then the feast

**George Mathew, St. Mary's unit**

Circa 1992. It was that period of time when the angels at Bethlehem proclaimed: “Peace on earth.” But it was not to be. I learnt it the hard way -- that the world was not at peace, because human hearts were not at peace.

I was then comparatively new to Mumbai, a hodge-podge of ideas, people, caste and creed. When December approached, it was as calm, cool and quiet as previous years' Christmas days were. But this time it proved to be deceptive. Just days before the Christmas day, riots broke out in the metropolis. People were at war. Communities were at war before the Prince of Peace could usher in a season of tranquility and serenity.

Blood started flowing on the streets of Mumbai. When the enemies of peace galvanised into action, it was chaos all over. I was caught in the middle of the madness when the world was about to usher in Christmas. My job demanded long working hours and late nights. When I was travelling back home in the night, I was caught in the middle of a clash between two communities. I managed to escape from the scene, but was holed up in an abandoned building near the railway station for the entire night. I could see people running helter skelter with armed rioters chasing them. There was no way I could have reached home safely and prepare for the Christmas as people were involved in pitched battle on the roads.

I was forced to move into a South Mumbai hotel for the next one week as travelling was quite risky during the night and curfew was in force. The mayhem on Mumbai streets continued till the new year January 1993 with around 900 people losing their lives in the riots.

Come 2008, history repeated itself. Christmas was just three weeks away. This time it was terrorists from across the border. They came armed to the teeth and targeted 11 locations in the city, including the Oberoi hotel. When they barged into the hotel throwing grenades and shooting indiscriminately, I was just 25 metres away across the road. I ran for my life to the nearby Express Tower where I work. I couldn't move out of the building and police asked us to stay inside for the night. I could see explosions and hear gun shots throughout the night.

Although the stand-off ended in two days, I was shaken and couldn't sleep for several days. More so, because anything could have happened on that fateful evening as I used to visit Oberoi frequently. Over 160 people were dead in the 2008 Mumbai terror attack. When the Christmas day came in 2008, images of blazing guns of the terrorists were still fresh in my mind. They refuse to go even now.





# Hi, my dear friends...

I wish you all a happy Diwali. In this vacation friends shall we try to learn some tricks? So that the next time you face your hilarious MATHS Teacher, she gets impressed ??
Don't yawn or turn the page as soon as you see maths. I'll teach you some smart techniques. Here are they

1 Can you calculate $(104)^2$ = ? in 10 seconds ? don't worry but you will after reading this article.

Step 1 : To find $(104)^2$ = ? first add the last digit i.e. “4” to 104
$\therefore (104)^2 = 108$

Step 2 : As “100” is the base we need 2 more digits to complete our answer. Now take the square i.e. $(4)^2$ of the last digit
$\therefore (104)^2 = 10816$ How is it ?

2 Can you calculate 16 x 12 = ? in 6 seconds

Step 1 : Add the last digit of 2nd number to the first number i.e. add '2' to 16 which is equal to 18.

Step 2 : Here as the base is 10 we need only one more digit is required. But we need to take the answer of 6 x 2 = 12 which is a two digit number so your answer will be
16 x 12 = $18^1 2$
192. Here we took 1 on 8 and added it.

e.g. : (2) 13 x 12 = ?

Step 1 : As in the 1st example add '2' to 13 which becomes 15
$\therefore$ 13 x 12 = 15

Step 2 : Here we multiply the last digit of both number i.e. 3 x 2 = 6
$\therefore$ 13 x 12 = 156

Note : In step 2, if your answer has 2 digits you have to carry upon the 2nd number as given in example 1.
So friends I hope you enjoyed and learned the tricks. If so, then see you again, meanwhile, enjoy your reactions !!! Bye

**Sherin Joy,**
Youth section, St. Joseph Unit

ദൈവം വസിക്കുന്നു. വി. പൗലോശ്ലീഹാ പറയുന്നതുപോലെ ''നിങ്ങൾ ദൈവത്തിന്റെ ആലയങ്ങളാണെന്നും ദൈവാത്മാവ് നിങ്ങളിൽ വസിക്കുന്നുവെന്നും നിങ്ങൾക്ക് അറിഞ്ഞുകൂടെ'' അതിനാൽ നാം ദൈവത്തിന്റെ ആലയമാണ്. നമ്മൾ ആയിരിക്കുന്ന അവസ്ഥ അതായത് ശാരീരിക അവസ്ഥതന്നെ ആത്മാവിനാൽ ചൈതന്യവത്താക്കപ്പെട്ടതാണ്. എന്റെ കരങ്ങൾ, ഹൃദയം, ബുദ്ധിക്തി ഇവയെല്ലാം ദൈവത്തിന്റെ ആലയമാണ്. ദൈവം വിവാഹം എന്ന കൂദാശ വഴി നമ്മിൽ ചൊരിഞ്ഞ കൃപാവരം വഴിയായി നാം പരിശുദ്ധ ത്രിത്വത്തിന്റെ കൂട്ടായ്മയിലേക്ക് അതായത് ത്രിത്വാത്മക ജീവിത യാഥാർത്ഥ്യത്തിലേയ്ക്ക് എടുക്കപ്പെട്ടിരിക്കുന്നു. ഇവിടെ പിതാവു പുത്രനെ സ്നേഹിക്കുന്നു. അതുപോലെ പിതാവും, പുത്രനും പരി. ആത്മാവിനെ സ്നേഹിക്കുന്നു. ഇപ്രകാരമുള്ള സ്നേഹവലയം നാം കുടുംബത്തിൽ സൃഷ്ടിക്കുമ്പോൾ മാതാപിതാക്കളും മക്കളും പരസ്പരം ഇതേ സ്നേഹ വലയത്തിൽ ആയി കഴിയുമ്പോൾ ആ കുടുംബം വിശുദ്ധിയുടെ പരിമളം പരത്തുന്ന ഇടമായി തീരും എന്നതിൽ സംശയമില്ല. മുന്തിരിച്ചെടിയും ശാഖകളും' എന്ന ഉപയിലൂടെ ഈശോ വ്യക്തമാക്കുന്നത് തായ്ത്തണ്ടിനോട് ചേർന്നു നിൽക്കുന്ന ശാഖയുടെ ദൗത്യത്തെ കുറിച്ചാണ്. ഇതേ ആശയം തന്നെയാണ് 'നിങ്ങൾ മിശിഹായുടെ ശരീരത്തിലെ അവയവങ്ങളാണ് എന്ന പൗലോ ശ്ലീഹായുടെ വാക്കുകളിലൂടെയും പ്രകടമാക്കുന്നത്.

പ്രിയപ്പെട്ടവരേ, മിശിഹായിൽ സ്ഥാപിക്കപ്പെട്ടതും മനോഹരമാക്കപ്പെട്ടതുമായ കുടുംബജീവിതം വിശുദ്ധമായി തീരണമെങ്കിൽ നാമും ഒരു ശരീരമായി, തായ്ത്തണ്ടിനോട് ഒട്ടിച്ചേർന്നു നിൽക്കണം. ഒട്ടിച്ചേരലിൽ വിള്ളൽ ഉണ്ടെങ്കിൽ ശാഖ മരത്തിനിന്നും മുറിയപ്പെട്ടതെങ്കിൽ ഫലത്തിന്റെ ദൈർഘ്യം വളരെ ചുരുങ്ങിയതായിരിക്കും. കഷ്ടപ്പാടുകളും പീഢനങ്ങളും നിറഞ്ഞ സഭയുടെ ചരിത്രപരമായ യാഥാർത്ഥ്യങ്ങളിൽ സഭ എപ്രകാരം മിശിഹായോട് വിശ്വസ്തയായിരുന്നുവോ അതുപോലെ ഭാര്യയും ബുദ്ധിമുട്ടുകളിൽ മാത്രമല്ല മറിച്ച് എപ്പോഴും തന്റെ ഭർത്താവിനോട് വിശ്വസ്തയായിരിക്കണം. മിശിഹാ തന്റെ മണവാട്ടിയായി സഭയ്ക്കു വേണ്ടി കുരിശിൽ കയറാൻ ധൈര്യം കാട്ടിയത് എന്നെയോ അങ്ങനെ പുരുഷൻ തന്റെ ഭാര്യയ്ക്കുവേണ്ടി തന്റെ തന്നെ, ഞാനെന്ന ഭാവത്തിൽ നിന്ന് പുറത്തു കടന്ന് തന്നെതന്നെ നൽകുവാൻ ധൈര്യം കാട്ടണം. കുടുംബത്തിൽ സ്നേഹം സ്വാർത്ഥത നിറഞ്ഞതോ, സ്വന്തമായ് പിടിച്ചു വയ്ക്കുന്നതോ ആകരുത്. മറിച്ച് ഈശോയുടേതു പോലെ സമർപ്പണാത്മകവും ത്യാഗപൂർണ്ണവും വ്യക്തവുമായിരിക്കണം. വ്യക്തമായി പറഞ്ഞാൽ വിവാഹിതരാകുമ്പോൾ തന്നെ സ്ത്രീയും പുരുഷനും അറിഞ്ഞിരിക്കണം അവരുടെ സ്നേഹം ഒരിക്കലും പുറകോട്ടു പോകുന്നതാകരുത് മറിച്ച് വ്യക്തമായിരിക്കണം എന്ന് ( സഭ ആധുനിക ലോകത്തിൽ No. 50) വിവാഹം + കുടുംബം = വിശുദ്ധി എന്നത് മുക്കിക്കൊല്ലുന്ന ഒരു കിണറോ ആഴത്തിലേയ്ക്കു താണു പോകുന്ന ഒരു അഗാധ ഗർത്തമോ ആയിരിക്കരുത് മറിച്ച് നമ്മെ വിശുദ്ധീകരിക്കുന്ന ഒരു യാഥാർത്ഥ്യമായിരിക്കണം അതിനാൽ നമ്മുടെ കുടുംബങ്ങൾ വിശുദ്ധിയുടെ വിദ്യാലയവും വിശുദ്ധി നിർഗളിക്കുന്ന ആദ്യ ഇടവും ആയി തിരുവാൻ നമുക്ക് ആഗ്രഹിക്കാം. പരിശ്രമിക്കാം.

**സി. ജെയ്നമ്മ ചെമ്പനാനിക്കൽ**





If the first incident in 1992, brought the fear of God in me, the second incident in 2008 cemented that relationship with God. After these two incidents, when the Christmas season approaches, I always think about the love of God and how He protected me in difficult and dangerous times. I also realised that our daily warfare is not against sin and sinful nature alone, but also against the terrorists and religious bigots who make peace impossible.

Someone inside me also reminded that it's not “first the feast, and then the hangover” in the last three Christmas seasons. The enemies of peace will not just lie down of their own accord. There's no doubt peace is a fruit of victory. When we look at the biblical notion of peace, it may not be quite the peace that some have in mind. It may not be politeness or political correctness. It is not just the absence of riots or peaceful co-existence. As Catholic scholar Dr Marcellino D'Ambrosio said, it's rather right relationship between people that flows from right relationship with God.

More time in God's word can go a long way towards driving out the darkness and bringing peace and light in our lives. Let's do it right in

---

**മനമൊന്നായ് അൻപതുവർഷം...**

പ്രത്യേകിച്ച് ഭാര്യമാര് ഗർഭിണിയായിരിയ്ക്കുമ്പോൾ അവരുടെ ഇഷ്ടങ്ങൾ അറിഞ്ഞ് ചെയ്തു കൊടുക്കണം. കുടുംബ പ്രാർത്ഥന ഒരു കാലത്തും മുടക്കരുത്.

തൊമ്മിച്ചേട്ടൻ : വിവാഹ ജീവിതം സുഖവും സന്തോഷവും മാത്രമല്ല. ദുഃഖവും രോഗങ്ങളും ഒക്കെവരും. എല്ലാം പരസ്പരം താങ്ങായി നിന്ന് ദൈവാശ്രയത്തിൽ നേരിടണം. ഇന്നത്തെ കാലത്ത് ആണിനും പെണ്ണിനും വിദ്യാഭ്യാസമായി അതുകൊണ്ട് കുടുംബത്തിലെ കാര്യങ്ങൾ പരസ്പരം ആലോചിച്ച് തീരുമാനിയ്ക്കണം. പങ്കാളിയെ അവഗണിയ്ക്കാൻ പാടില്ല. സാമ്പത്തിക സ്വാതന്ത്ര്യം സ്ത്രീകൾക്ക് നല്ലതാണ്. പക്ഷേ അത് കുഞ്ഞുങ്ങളെ ഒരു വിധത്തിലും ബാധിയ്ക്കരുത്. ഉത്തരവാദിത്വങ്ങൾ പരസ്പര സഹകരണത്തോടെ ചെയ്താൽ പ്രശ്നങ്ങൾ ഒന്നും ഉണ്ടാകില്ല. മാതാപിതാക്കളെ സംരക്ഷിക്കുവാൻ പ്രത്യേക ശ്രദ്ധ വേണം. നല്ല കാലത്തോളം ഭൂമിയിലായിരിയ്ക്കാൻ മാതാപിതാക്കളെ ബഹുമാനിയ്ക്കണം എന്നല്ലേ വേദവാക്യം.

പറഞ്ഞാൽ തീരാത്ത വിശേഷങ്ങൾ കുടുംബജീവിതത്തിലെ ദൈവാനുഗ്രഹത്തിന്റെ തോരാത്ത മഴയുടെ നനവ്. തൊമ്മിച്ചേടന്റെയും കുഞ്ഞമ്മചേച്ചിയുടെയും നാവിൽ നിന്നൊഴുകിക്കൊണ്ടിരുന്നു. അഭിമുഖം നടത്താനെത്തിയ യൂത്ത് പ്രസിഡന്റ് ജോർജ്ജ് മാത്യുവിന്റെ മുഖത്ത് അത്ഭുതാദരങ്ങൾ തെളിഞ്ഞു മറയുന്നത് വ്യക്തമായി കാണാമായിരുന്നു. പുത്തൻ തലമുറയ്ക്ക് അനുഭവങ്ങളുടെ പെരുമഴ. കുടുംബ യൂണിറ്റിൽ പങ്കെടുക്കേണ്ടിയിരുന്ന കൊന്ത നമസ്ക്കാരവും ഒക്കെ കുറേ നേരത്തേക്ക് മറന്നുപോയി.

(വിവ തെരേസക്കുവേണ്ടി ജോർജ്ജ് മാത്യുവിനോടൊപ്പം പി. ജെ. ആന്റണിയും ജോർജ്ജ് കുട്ടിയും.)

അടുത്ത ലക്കത്തിൽ ഇംഗ്ലീഷ് വിവർത്തനം ചേർക്കുന്നതാണ്

................ *A Way To Sanctity - 1*

# SAINT JOHN BERCHMANS




John Berchmans was born on the 13th of March, 1599 in Diest a small town of Belgium. The next day itself he was baptized. His father was not very rich; he was doing the work of shoemaker.But he was an excellent Christian. From his earliest childhood John showed a happy and lovable character. Even before the age of seven he would rise very early in the morning before daybreak to serve several masses. This was his great delight. That is why, he has been chosen as *the patron of alter boys.* When he was nine years old his mother was stricken with a long and serious illness. John would pass several hours by her beside and console her with affectionate words. From the earliest childhood he had no other desire than to become a priest and to offer Holy mass. So when he was ten years old, his father sent him to a small boarding school held by a priest. John lived happily a life of prayer and study in that boarding for three years. One day he got an unexpected letter from his father. When John read it he felt upset. His father asked to come home at once without giving any reason. When he reached home his father told him that he could not spend anymore for his education as he did not earn very much from his work. He advised John to seek some work and help the family. What a blow for John who desired so much to become a priest. He threw himself at his father's feet and with tears implored him to allow him to follow his vocation. He also told him I can live on bread and water, but do not refuse me permission to continue my studies. His father was deeply touched by





# കുടുംബം : വിശുദ്ധിയുടെ വിദ്യാലയം

“ഇതാണ് ദൈവഹിതം നിങ്ങളുടെ വിശുദ്ധീകരണം” (1തെസ 4/3)


മനുഷ്യൻ പ്രപഞ്ചത്തിന്റെ ശബ്ദമാണ്. അവൻ അതിന്റെ പരിഭാഷകനാണ്. ഒരു കവിയുടെ ആത്മാവിൽ നിന്നും ജനിക്കുന്ന ഒരേ ശബ്ദമാണ് മനുഷ്യൻ. അവനിൽ വികാരങ്ങൾ നിറഞ്ഞു കവിയുമ്പോഴും അത് ധാരാളതയിൽ പ്രകടിപ്പിക്കുവാൻ അവന്റെ ഹൃദയം ആഗ്രഹിക്കുമ്പോഴും അതിനെ അതിജീവിക്കേണ്ടതായി വരുമ്പോഴും ഒരു കവിയായിരിക്കുക എന്നത് മനുഷ്യനു മാത്രം സാധിക്കുന്ന ഒരു കാര്യമാണ്. സങ്കീർത്തനം 19ൽ പറയുന്നു “ആകാശം ദൈവ മഹത്വത്തെ പ്രകീർത്തിക്കുന്നു” എന്നാൽ ഈ കീർത്തനം നടക്കുന്നത് മനുഷ്യനിലൂടെയാണ്. മനുഷ്യനും ദൈവവും തമ്മിൽ സത്താപരമായ വ്യത്യാസം ഉണ്ടെങ്കിൽ തന്നെയും മനുഷ്യൻ അവന്റെ ബുദ്ധിശക്തിയിലൂടെയും ദൈവം അവനിൽ പ്രവർത്തിച്ച സൃഷ്ടികർമ്മത്തിന്റെ പിൻതുടർച്ചക്കാരൻ എന്ന നിലയിലും അവൻ പ്രപഞ്ച ഗായകനായി മാറുന്നു.

“തന്നിഷ്ടം വിമ്മിഷ്ടവും അപരന്റെ ഇഷ്ടം പൊന്നിഷ്ടവുമായാൽ” കുടുംബം വിശുദ്ധമായി.

കുടുംബത്തെ കുറിച്ച് പറയുക എന്നാൽ പരിശുദ്ധിയെ കുറിച്ച് പറയുക എന്നതാണ് ശരി. ഭാര്യാ ഭർതൃബന്ധത്തിലും അണു കുടുംബത്തിലും മക്കളുമായുള്ള ബന്ധത്തിലും ഇത് നമുക്ക് മനസ്സിലാക്കാൻ കഴിയും. കുടുംബം വിശുദ്ധമാണ് എന്നതിനെ സൂചിപ്പിക്കുന്ന അനേകം തലക്കെട്ടുകൾ ഉണ്ട്. കുടുംബം പരിശുദ്ധമാണ് എന്ന് വെളിപ്പെട്ടാലും അതിനെ വിശകലനം ചെയ്താൽ അതിൽ നിന്നും ഒൻപതാം പ്രമാണത്തിന്റെയും നാലാം പ്രമാണത്തിന്റെയും പരിണത ഫലങ്ങൾ ജനിക്കുന്നത് നമുക്ക് കാണാൻ കഴിയും.

കുടുംബം എന്നത് ത്രിത്വാത്മക ജീവിതത്തിന്റെ പ്രതീകമാണ്. ദൈവം തന്റെ സൃഷ്ടികർമ്മം മനുഷ്യനിലൂടെ ആരംഭിക്കുകയും അവനിലൂടെയും അവന്റെ ഉപകരണാത്മകതയിലൂടെയും തുടരുകയും ചെയ്യുന്നു. കാരണം മനുഷ്യന് അവനിൽ തന്നെ ഒരു നൈസർഗിക പരിശുദ്ധിയുണ്ട് എന്തെന്നാൽ അവൻ ദൈവത്താൽ സൃഷ്ടിക്കപ്പെടുകയും, ഈശോയിൽ രക്ഷിക്കപ്പെടുകയും, ദൈവ കാരുണ്യത്താൽ സ്നേഹിക്കപ്പെടുകയും ചെയ്യുന്നവനാണ്. ഇത് ഓരോ കുടുംബാംഗങ്ങളുടെയും ഉത്തരവാദിത്വവും കടമയുമായി സ്ഥിരീകരിക്കുന്ന കാര്യം മറക്കാതിരിക്കുക.

മനുഷ്യനിൽ മൂന്നു തരത്തിലുള്ള ബന്ധങ്ങൾ നമുക്ക് കാണാൻ കഴിയും. അത് ദൈവത്തോട്, ദൈവത്താൽ വിശുദ്ധരും പരിശുദ്ധരുമാക്കപ്പെട്ട നമ്മോടുതന്നെ, വിശുദ്ധരായ മറ്റു വ്യക്തികളോട്. നാം ദൈവത്തിങ്കലേക്കു തിരിയുവാനായി വിളിക്കപ്പെട്ടവരാണ് അതിനാൽ നമ്മിൽ സ്നേഹത്തിന്റെ മൂന്നു പ്രധാന യാഥാർത്ഥ്യങ്ങൾ പ്രകടമായി കാണണം അതായത് സമർപ്പണാത്മക സ്നേഹം, ഒന്നിപ്പിക്കുന്ന സ്നേഹം, ജന്മം കൊടുക്കുന്ന സ്നേഹം. പ്രിയപ്പെട്ടവരേ, ഇതെല്ലാമല്ലേ നമ്മുടെ കുടുംബങ്ങളിൽ നിഴലിക്കേണ്ടത്? മറിച്ച് മറ്റേതെങ്കിലും തരത്തിലുള്ള നിഴലുകളാണ് നമ്മുടെ കുടുംബങ്ങളിൽ പ്രതിഫലിക്കുന്നതെങ്കിൽ അപകടം നമ്മിലൂടെ വിളിച്ചു വരുത്താതിരിക്കാം. മനുഷ്യൻ ദൈവമായി തീരാൻ ദൈവം മനുഷ്യനായി. നമ്മിൽ, നമ്മുടെ ആത്മാവിൽ



With Best Compliments from :

T. A. Devassy

A-702, Meridian CHS Ltd, Plot No. 25, 26 & 27,
Sector - 6, Nerul West, Navi Mumbai - 400 706.

Mob.: 98199 23438





these words. A few days later he found a priest of Cathedral of Mechlin who was ready to make John study provided he did for him the work of servant in his free time. John joyfully accepted. He went to Mechlin and there attended class in a high school. But outside class hours he had to do all the works of a servant; sweeping the house, washing dishes … So he had practically no time to study during the day. Only at night, when it was time to sleep, he lit a candle and began to study for several hours. He studied so hard that he was soon the first in class. One day John letter to his father telling he was firmly convinced that he must be a Jesuit. But his father got a real shock on reading the letter. He had thought that John would become a diocesan priest and that he in his old age could stay with him. At last his father allowed John to join the Society of Jesus. A few days later John entered the novitiate of the Jesuits and the novice master gave him the book of rules. On that day John wrote in his note book; "I want to be a saint….. Holiness does not consist in doing great things but in doing well what obedience orders and advices". He was always cheerful and spread joy around him, so that his companions called him "Brother joyful". After his novitiate John left for Rome to begin to study Philosophy. He did not study just to acquire knowledge but to become a better apostle. He passed in to the $3^{rd}$ year philosophy in the year 1621 and was selected by perfect of studies to take part in a philosophical discussion at the Greek College. John opened the discussion with a great clarity and profoundness, but on returning to his own college he was seized with a violent fever, of which he died soon after at the age of twenty years. John Berchmans was declared blessed in 1865, and was canonized in 1888.We celebrate his feast on $26^{th}$ November.

Dear children, let us ask St. John Berchmans to give us some of his great attention to the little things in life being so important in the eyes of God.

St. John Berchmans, pray for us.

# യേശുനാഥന്റെ കൂടെ ആയിരിക്കുമ്പോൾ...

യേശുനാഥാ ഭൗതീക നേട്ടങ്ങൾക്കായി ഓടി നടക്കുന്ന ഞങ്ങളെ കരുണയോടെ രക്ഷിക്കേണമെ. അങ്ങാകുന്ന വലിയ സമ്പത്ത് സ്വന്തമാക്കാൻ ഞങ്ങളെ പഠിപ്പിക്കേണമെഭ മനുഷ്യ ജീവിതം സമ്പത്തുകൊണ്ടല്ല ധന്യമാകുന്നത് (ലൂക്കാ 12,15)

യേശുനാഥാ വിശുദ്ധകുർബാനയിലൂടെ അങ്ങയുടെ ശരീര രക്തങ്ങളാണ്, അങ്ങയെ തന്നെയാണ് അപ്പമായി ഞാൻ സ്വീകരിക്കുന്നത് എന്ന് വിശ്വസിക്കുവാൻ, ആഴമായി വിശ്വസിക്കുവാൻ ആത്മാവിന്റെ വെളിച്ചം എനിക്ക് തരണമെ. നിങ്ങളോട് ഞാൻ പറഞ്ഞ വാക്കുകൾ ആത്മാവും ജീവനുമാണ് (യോഹ 6.63)

വചനമായ യേശുവേ വചനം എന്റെ ഹൃദയത്തിൽ ആഴമായി പതിയുവാനും കാത്തിരുന്ന് അതിന്റെ ഫലം പുറപ്പെടുത്താനും എനിക്ക് കൃപ തരേണമെഭ

ദൈവരാജ്യത്തിന്റെ രഹസ്യങ്ങൾ അറിയാൻ വരം ലഭിച്ചിരിക്കുന്നത് നിങ്ങൾക്കാണ് മറ്റുള്ളവർക്കാകട്ടെ അവ ഉപമകളിലൂടെ നൽകപ്പെടുന്നു. (ലൂക്കാ 8.10)

യേശു നാഥാ നിറഞ്ഞ സ്നേഹവുമായി ഞാനിതാ അങ്ങേ പക്കൽ വരുന്നു. വിശ്വാസത്തോടെ അങ്ങയെ സ്പർശിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അവിടുത്തെ കൃപ എനിക്കു തരേണമെ. അവന്റെ വസ്ത്രത്തിൽ ഒന്നു തൊട്ടാൽ മാത്രം മതി. ഞാൻ സുഖം പ്രാപിക്കും (മർക്കൊ 5.28)

എന്നെ കാക്കുന്ന നാഥാ
എന്നെ അറിയുന്ന ദേവാ
എൻ വേദനകൾ നീ കാണും
എൻ സങ്കടങ്ങൾ നീ മായ്ക്കും (2)

എന്നെ നടത്തുന്ന നാഥാ
എന്നെ കാണുന്ന ദേവ
എൻ ദുഖമെല്ലാം മായ്ക്കും
എൻ കൂടെ നീ എന്നും വാഴും... എന്നെ

എൻ ഹൃദയം അറിയുന്ന നാഥാ
എൻ ആയുസ്സിൻ നീളം കൂട്ടം
ആപത്തു കൂടാതെ കാക്കും
ആ മാറോടെന്നെ നീ ചേർക്കും... എന്നെ

കരുണാമയനാം നാഥാ
പാപം പൊറുക്കുന്ന നാഥാ
പാപിയാം എന്നെ നീ തൊടും
ആ തിരു മാറിൽ നീ ചേർക്കും എന്നെ

**Mrs.Philomina Sibichan**
St. Thomas Unit





# യേശുവിന്റെ കുഞ്ഞുപുഷ്പം

പാശ്ചാത്യനാടായ ലിസ്യൂവിലൊരു നാളിൽ
തെരേസയെന്നൊരു ശിശു പിറന്നു
ഇളയവളായിപ്പിറന്നയാ കുഞ്ഞിന്റെ
മനസ്സിൽ വിരഹത്തിന്റെ വിത്തുണർന്നു
അകമലരുള്ളിലെ ആശകളെല്ലാമേ
അഖിലേശ്വരന്റെ വഴിക്ക് വിട്ടു
അകതാരിലെന്നുമൊരേയൊരു സ്വപ്നമാ
യാകുഞ്ഞു മനസ്സിലേക്കാവഹിച്ചു
താനൊരു പുഷ്പമായ് വിടരേണമാനല്ല
സൂര്യനില്ലാത്തൊരാ നാട്ടിൽ നീളെ
താനാരുമല്ലിവിടെന്നു നിനച്ചതും
തൻപേരു കീർത്തിയിലാകരുതെന്നതും
ആ കുഞ്ഞു മാനസ സ്വപ്നമായി
എങ്കിലുമീ ലോക മാനുഷരെല്ലാരും
ആ കീർത്തി കേട്ട് കേട്ടാനന്ദിച്ചു

എത്രയോ സാഹിത്യ മുകുളങ്ങൾ തീർത്തൊരാ
കുഞ്ഞു തെരേസതൻ മാനസത്തിൽ
പുഷ്പങ്ങൾ വർഷിച്ച പരിശുദ്ധാത്മാവിന്റെ
കൈവിരൽ സ്പർശങ്ങളേറ്റു വാങ്ങി
വിനീതമായൊരു കുഞ്ഞു പുഷ്പം
കുരിശു ചുമന്നൊരു ദിനനാളുകൾ
രോഗങ്ങൾ വന്നതോ രക്തം പോലെ
പുഷ്പങ്ങളായവളേറ്റു വാങ്ങി

അരുണനാം നിറ ദീപമുള്ളിൽ തിളങ്ങുന്ന
പനിനീർ പൂവിൻ അനുഗ്രഹങ്ങൾ
നാകലോകത്തു നിന്നെന്നാം വർഷിക്കു
യേശുവിൻ കുഞ്ഞായ പുഷ്പമേ നീ
ചെറുപുഷ്പമായൊരു പാവനദീപമേ
അടിയങ്ങൾക്കെന്നും വഴിയാകണേ
പനിനീർ പൂക്കളെ വർഷിച്ചീടണേ
അന്ധകാരത്തിന്റെ ശക്തിനീക്കാൻ

**ബോബൻ ജോസഫ്**
ഹോളി ക്രോസ് യൂണിറ്റ്

# My Experience in receiving Jesus

This year in November, I will receive Jesus for the first time in my life, so I am preparing myself with my friends, at the Catechism classes. I am very eager for Jesus to come into my heart.

When I was small, my parents would always recite the family prayers together every evening. I could not understand why it is important to pray everyday and sometimes two to three times and also before and after meals. When I began to understand my parents would tell me interesting stories about Jesus. They would also read the Bible and explain about the life of Jesus, that I should also be a good child, obedient, loving, caring and helpful.

My parents were my first teachers, who taught me many good things and especially the importance of prayers in our lives and how parents make sacrifices for their children. They have already prepared me with prayers and good values. Now when my Catechism teachers, Fathers and Sisters help me and guide me. I enjoy every Sunday class and come prepared to learn more.

It will be a day of great joy to receive Jesus on my First Holy Communioun day, I will promise Jesus to be obedient and kind like him and be a good person. Mummy says it is important to be educated but it is more important to be a good person.

I LOVE YOU JESUS, HELP ME TO FOLLOW YOUR WAYS.

**Jessica Joseph,** First Holy Communion Student

***Letter to my friends....***

Solomon had asked this; not for long life and riches. So God blessed him abundantly and God gave Solomon very great wisdom, discernment and breadth of understanding as vast as the sand in the seashore.(1 King 4: 29).

Yes friends, when you are in pursuit of the truth, you will definitely grow in favour of the divine and human. So friends, as we read in Ecclesiastes (12:1) “Remember your creator in the days of your youth, before the days of trouble come and the years draw near when you will say 'I have no pleasure in them.”

I wish you all a youth which you would not regret in your entire life and pray to almighty God to lead your way.

- Kochachan





# താർസോസിലെ സാവൂൾ
## SAUL OF TARSUS
Part II



നെൽസൺ
Don Bosco Unit

അമരക്കാരൻ കേഫ ശരിവച്ചതു ഭൂവനസൗഭാഗ്യം
ശേശുവിനെ ഉദ്ഘോഷിക്കാനവൻ ശ്ലീഹാവരം നേടി
അത്ഭുതപൂർവ്വമായ വിശ്വാസവും പ്രസംഗവരവും സ്വന്തമാക്കി
ജനങ്ങളെ പഠിപ്പിച്ചു. അഭിനവ വിശ്വാസത്തിലേക്കവരെ നയിച്ചു
എന്നാൽ സാവൂളിന്റെ മാറ്റത്തിൽ അസൂയ പൂണ്ടു യഹൂദന്മാർ
ഗൂഢാലോചനയും വധശ്രമവും മുറക്കുമുറെത്തുടങ്ങി
“ജറുസലേമിൽ കർത്താവിന്റെ നാമം വിളിച്ചപേക്ഷിച്ചവരെ
പീഡിപ്പിച്ചിരുന്നത് ഇയാളല്ലേ?”
അവരുടെ യുദ്ധ കാഹള ധ്വനി പൗലോസ് തിരിച്ചറിഞ്ഞു
“അബ്രാഹത്തിന്റെ സന്തതികളെ ദൈവഭയമുള്ളവരേ
രക്ഷയിലേക്ക് തിരിയുവിൻ, മാനസാന്തരപ്പെടുവിൻ!“
കർത്താവ് അരുളിചെയ്തു!
“നീ വിജാതീയരുടെ അടുത്തേക്കു പോകുക
ദിഗന്തങ്ങളിൽ രക്ഷ എത്തിച്ചുകൊടുക്കുവാൻ
വിജാതീയർക്കു വെളിച്ചമായി ഞാൻ നിന്നെ സ്ഥാപിച്ചിരിക്കുന്നു“
വിജാതീയരുടെ ശ്ലീഹയായി മാറി പൗലോസ്!
സർവ്വമാനവ കുലത്തിന്റെയും രക്ഷാമാർഗ്ഗമായി
പ്രേഷിതനായ പൗലോസിന്റെ സംഘർഷഭരിതമായ ദൗത്യാരംഭം
അന്ത്യോക്യ അതിൻ പ്രവേശനകവാടം
ഗ്രീക്ക് യഹൂദരും ക്രിസ്തു അനുയായികളും അഭയാർത്ഥികളായിരുന്നിവിടെ
താർസോസിൽ നിന്നും സാവൂളിനെ അന്ത്യോക്യയിലേക്ക്
കൂട്ടിക്കൊണ്ടുവന്നു പ്രിയ ചങ്ങാതി ബർണബാസ്
പലസ്തീനയിൽ ശിഷ്യന്മാരെ നസ്രായന്മാർ എന്നെങ്കിൽ
ക്രിസ്ത്യാനികളെന്നു വിളിക്കപ്പെട്ടുയിവിടെ ശിഷ്യന്മാരെയാദ്യമായ്
യവനവിജാതീയരുടെ അന്ത്യോക്യയിൽ
ഒരു വർഷത്തിലധികം നാളുകൾ, പുതിയ നിയമസാക്ഷ്യങ്ങൾ
ഇക്കോണിയത്തിലെ നെയ്ത്തുശാലകളിൽ യഹൂദരും ഗ്രീക്കുകാരും
ഇവരുടെ അധ്വാനം നഗര ചേരികൾക്ക് പുത്തനാവേശങ്ങൾ നൽകി
ഒരു യഹൂദന്റെ തൊഴിൽ ശാലയിൽ നിത്യവൃത്തിക്കുവേണ്ടി
വിയർപ്പൊഴുക്കുന്ന പൗലോസും ശിഷ്യരും!
ജീവിതത്തിന്റെ നേർക്കാഴ്ചകൾക്കിടെ, ഒഴിവുനേരങ്ങളിൽ
തെരുവോരങ്ങളിൽ അവരെ പഠിപ്പിച്ചു, ഉപദേശിച്ചു.
വലിയ ജനക്കുട്ടങ്ങൾക്ക് യേശുവിന്റെ നാമത്തിൽ മാനസാന്തരം നൽകി
ലിസ്ത്രാ, കെട്ടുകഥകൾ മെനഞ്ഞ ക്ഷേത്രാചാരങ്ങളുടെ നാട്
ഹെർമസിനേയും സേവൂസിനേയും ആരാധിക്കുന്ന മനുഷ്യർ
യഹൂദ കുടുംബങ്ങളിൽ അഭയം തേടി കുറച്ചുകാലം
പൗലോസിന്റേയും ബർണബാസിനന്റേയും സുവിശേഷ പ്രചരണം തുടങ്ങി
ഇവിടെ ഒരു യാചകനു സൗഖ്യം നൽകിയ ഒരത്ഭുതം

ഇവരെ മനുഷ്യരൂപം ധരിച്ച ദിവ്യദേവന്മാരാക്കി
ക്ഷേത്രപൂജാരിമാർ വിഗ്രഹാരാധനക്കു ധൂപമർപ്പിച്ചു തുടങ്ങിയപ്പോൾ
ക്രുദ്ധനായ പൗലോസ് വസ്ത്രത്തിന്റെ വിളുമ്പ് വലിച്ചുകീറി
ക്രോധ-സങ്കടങ്ങളുടെ അവസരങ്ങളിൽ ചെയ്യുന്നൊരാചാരം!
യഹൂദപരിശകൾ ജനങ്ങളെ പ്രേരിപ്പിച്ച് കല്ലെറിയിച്ചു
ഏറുകൊണ്ടവശനായ പൗലോസിന്റെ ബോധമറ്റു
മരിച്ചെന്നു കരുതി ശരീരം നഗരത്തിനു വെളിയിൽ തള്ളി
ഗുരുതരമായ മുറിവുകൾ! ജീവനോടെ ശിഷ്യന്മാർ രക്ഷിച്ചു
രഹസ്യമായി നഗരം വിട്ട് ദെർബേയിലേക്ക് യാത്രയായി
അവിടെയവൻ ദൈവ വചനത്താൽ പൂരിതനായി പ്രസംഗിച്ചു
ദാമാസ്ക്കസ് ദർശനം വഴി ലഭിച്ച അപ്പസ്തോല ദൗത്യം
മിശിഹായുടെ വെളിപാടിലൂടെ സ്വയം സ്വായത്തമാക്കിയ ദിവ്യ വരം
ആവേശകരമായ ആദ്യമിഷനറിയാത്രയുടെ അന്ത്യപാദത്തിൽ
യൂദായിൽ നിന്നും സഭയുടെ ആജ്ഞാനുസരണം
സുനഹദോസിൽ സംബന്ധിക്കുവാൻ ജറുസലേമിലേക്ക്
ആദ്യ ക്രൈസ്തവ സമൂഹത്തിലെ ശ്രേഷ്ഠ ശ്ലീഹന്മാരിൽ നിന്നും
ഔദ്യോഗിക അംഗീകാരം നേടുകയെന്ന ലക്ഷ്യവും മനസിൽ
വിജാതീയരുടെ മാനസാന്തര വാർത്ത വിവരിച്ചുകൊണ്ട്
ശമറിയാ ഫെനിഷ്യായിലെ സഹോദരർക്ക് സന്ദേശങ്ങൾ
ശ്ലീഹന്മാരും പ്രമാണികളും സഭാംഗങ്ങളും സ്വീകരിച്ചു സ്നേഹാദരങ്ങളോടെ
ദീർഘനേരം സമ്മേളനം ചർച്ചകളിലൂടെ നീണ്ടു
ഒരു ഭാഗത്തു യഹൂദാചാരങ്ങൾ അനുഷ്ഠിക്കണമെന്നു ശഠിക്കുന്നവർ
"മോശയുടെ നിയമസംഹിതയനുസരിച്ചു പരിച്ഛേദനം
ചെയ്യാത്തപക്ഷം നിങ്ങൾ രക്ഷപ്രാപിക്കുകയില്ല"
മറുഭാഗത്തു ഛേദനാചാരത്തിനെതിരായി വാദിച്ചു പൗലോസ്
"യഹൂദനിയമം റദ്ദാക്കാനല്ല. പൂർത്തിയാക്കാനാണ് അവിടുന്ന് വന്നത് "
നേരിന്റെ ശക്തിയും യുക്തിയുമുപയോഗിച്ച് തർക്കിച്ചു വിവശനായ്
നിയമമല്ല. വിശ്വാസമാണു ദൈവകൃപാവരത്തിനാധാരം !
പരിച്ഛേദിതർക്ക് പത്രോസും ശിഷ്യന്മാരുമെന്നപോലെ
വിജാതീയ അപരിച്ഛേദിതർക്ക് പൗലോസുമെന്ന തിരിച്ചറിവ്
തങ്ങൾ എന്തോ ആണെന്നു ഭാവിക്കുന്ന അവരിൽ നിന്നും
ലഭിച്ചില്ലൊന്നും കൂടുതലായി എന്ന ഉള്ളറിവിൽ ആത്മനൊമ്പരം !
പൗലോസും ബർണബാസും ദൈവമഹത്വത്തിനു പാത്രീഭൂതരായെന്നു
തിരിച്ചറിഞ്ഞു മോദാദരങ്ങളാൽ കേപ്പായും
യോഹന്നാനും യാക്കോബും കൂട്ടായ്മയുടെ വലതുകരം നീട്ടി!
ജറുസലേമിലെ മാതൃസഭയിൽ നിന്നും ശ്രേഷ്ഠ ശിഷ്യന്മാരിൽ നിന്നും
ഭവ്യ ബഹുമാനങ്ങളോടെ കീർത്തി മുദ്ര തിരുനെറ്റിയിലണിഞ്ഞു
അഭിനവമതത്തിന്റെ പുത്തൻ പ്രബോധകൻ
അനേകായിരങ്ങളെ സ്വന്തമാക്കി സുവിശേഷ വേലയിലേർപ്പെട്ടു
ബർണബാസും വിജാതീയർക്കുവേണ്ടി ഒപ്പത്തിനൊപ്പം വാദിച്ചു
ശ്ലീഹായായി വിളിക്കപ്പെട്ടവനും മിശിഹായുടെ ദാസനുമായവൻ
ഗലാത്തിയായിലും ത്രോവാസിലും വചനം പങ്കുവച്ചു





പുരോഹിതശ്രേഷ്ഠർക്കും പ്രമാണിമാർക്കും സഹിക്കാനായില്ല
അധികാരവർഗ്ഗം ചടുല പ്രക്ഷോഭങ്ങൾ അഴിച്ചുവിട്ടു
അക്രമാസക്തരായ ജനക്കൂട്ടം ഇളകിവശായി
വസ്ത്രങ്ങൾ ഉരിഞ്ഞുമാറ്റിയവനെ പ്രഹരിച്ചു അർദ്ധപ്രാണനാക്കി
കാരാഗൃഹത്തിലടക്കപ്പെട്ടു, തടവറയിലെ അത്ഭുതം കണ്ട്
ന്യായാധിപന്മാർ വിറച്ചുപോയി അവൻ സ്വതന്ത്രനായി പുറത്തേക്ക്!
ഏറെനാൾ യൂദന്മാരോടും യവനരോടും സംവാദം നടത്തി
ഏറെപ്പേരെ നവ വിശ്വാസത്തിലേക്ക് കൂട്ടിയിണക്കി.
മിഷണറിയാത്രയുടെ രണ്ടാം വരവിൽ അങ്ങിങ്ങ് ബദ്ധപ്പാടുകൾ
അസ്യായിൽ വചനപ്രഘോഷണത്തിൽ വ്യാപൃതരായപ്പോൾ
ദുസ്സഹവും നിഷ്ഠൂരവുമായ  പീഢകൾ നിത്യാനുഭവങ്ങളായി
അവർ കൂടുതൽ എതിർക്കുകയും ദൂഷണം പറയുകയും ചെയ്തപ്പോൾ
നിങ്ങളുടെ രക്തം നിങ്ങളുടെ തന്നെ ശിരസ്സിൽ നിപതിക്കട്ടെ!
നഗരം വിട്ട് നഗരങ്ങളിലേക്ക് യാത്ര
തെസലോനിക്ക: റോമൻ പ്രവിശ്യയുടെ തലസ്ഥാന നഗരി
അവിടെ വിശ്വാസം സ്വീകരിച്ചവരിൽ ഭൂരിഭാഗം വിജാതീയരും കുലീനരും
"മറ്റൊരു രാജാവുണ്ടെന്നു പറഞ്ഞ് സീസറിന്റെ കല്പനകൾ ധിക്കരിക്കുന്നുവോ"
അക്രമത്വരപൂണ്ട യൂദന്മാരുടെ അസൂയ തിരിച്ചറിഞ്ഞ് വഴിമാറി-
ഏതൻസിലെ യഹൂദകോളനികളിലേക്ക് തിരിച്ചു
ഇവരുടെ ജീവിത സിരാതേന്ദ്രങ്ങൾക ചന്ത സ്ഥലങ്ങൾ
നഗരം മുഴുവൻ വിഗ്രഹങ്ങളും പ്രതിമകളും കണ്ടാകെ നടുങ്ങി
പിന്നെ കോറിന്തോസിലെ അടിമകളുടെ താവളങ്ങളിലേക്ക്-
തിന്മയിൽ തഴമ്പിച്ച പ്രാകൃതമനുഷ്യരുടെ അടുത്തേക്ക്
ധനദേവനേയും ഉന്മാദദേവിയേയും നിത്യവും ഉപാസിക്കുന്നവർ
വിഷയാസക്തിയും അഴിഞ്ഞാട്ടവും ജീവിത ശിലങ്ങളാക്കിയവർ
പിന്നീട് ഗ്രീസ്, എഫേസോസ് സിനഗോഗുകൾ തോറും കയറിയിറങ്ങി
ജനങ്ങളെ അടുപ്പിച്ചു പഠിപ്പിച്ചു ഓരോദേശങ്ങളിൽ
ഓരോ സഭകൾക്ക് അടിത്തറ പാകി
സാമ്രാജ്യത്വ മതമർദ്ദനങ്ങൾക്കെതിരെ ധീരയോദ്ധാവായി അടരാടി
ശ്രേഷ്ടരായ ആ ശിഷ്യന്മാരേക്കാൾ ഒട്ടും താഴ്ന്നവനല്ല ഞാൻ
എന്നെ ഒരു ഭോഷനായി ആരും കരുതേണ്ട
എന്ന് കോറിന്താസുകാരോട് വ്യാസനപ്പെടുന്നുണ്ട്
മിശിഹായേ അറിയാത്ത ജനങ്ങളിൽ സ്ഥലങ്ങളിൽ
വചനവിരുന്നു നൽകുവാൻ അത്യുത്സാഹം കാണിച്ചു പൗലോസ്
അക്കാലത്ത് ഹേറോദേസ് രാജാവ് സഭാമക്കൾക്കെതിരെ
നികൃഷ്ട നിന്ദനങ്ങളും രൂക്ഷ മർദ്ദനങ്ങളും അഴിച്ചുവിട്ടു
യോഹന്നാന്റെ സഹോദരൻ യാക്കോബിനെ വാളിന്നിരയാക്കി
യഹൂദന്മാരെ ഇതുതെല്ലൊന്ന് പ്രസാദിപ്പിച്ചുവെന്ന്
ഹേറോദേസ് അറിഞ്ഞപ്പോൾ നാടു മുഴുവൻ കഠോര പീഡനങ്ങൾ    (തുടരും...)